
കറന്റ് ബുക്സ് ബുള്ളറ്റിൻ


₹ 3.00 Annual Subscription ₹30 നവംബർ 2026 9946109449 ഒരു ഡി സി ബുക്സ് പ്രസിദ്ധീകരണം



JEFFREY ARCHER

കഥയെ വെല്ലുന്ന ജെഫ്രി ആർച്ചറിന്റെ ജീവിതം
















ബീജം കെ. അരവിന്ദാക്ഷൻ • ഇരുളിൽ പൊതിഞ്ഞ തീനാളം ഗീതാ രാമസ്വാമി
നിർമ്മിതബുദ്ധിയെ മനസ്സിലാക്കുക ഡോ. ബി. ഇക്ബാൽ • രാവൽ ഡി. അനിൽകുമാർ
ഗില്ലറ്റിൻ കെ.ആർ. മീര

ഹോപ് • യോഗ മിത്തോളജി • ധർമ്മം അർത്ഥം കാമം മോക്ഷം ദേവ്ദത് പട്നായ്ക്
അകത്താര് പുറത്താര് ആർദ്ര നീലകണ്ഠൻ ഗിരിജ
കുറിഞ്ഞി പൂക്കുമ്പോൾ നെൽസൺ തോമസ്

നോവൽവൈവിദ്ധ്യങ്ങൾ

സമീപഭൂതകാലവുമായി പാരമ്പര്യത്തിൽനിന്നു വ്യത്യസ്തമായ ഇടപെടലുകൾ സാധ്യമാക്കുന്ന രചനകൾ. നോവലിന്റെ രൂപഘടനയെത്തന്നെ പുതുക്കിപ്പണിയുന്ന കൃതികൾ
























ഉടൽ ഭൗതികം വി. ഷിനിലാൽ ₹ 399 ■ ആനപ്പാവ് രാജീവ് ശിവശങ്കർ ₹ 499
കോണ്ടെസ്സ എസ്.പി. ശരത് ₹ 280 ■ ബന്ധിതരുടെ ഓർമ്മക്കുറിപ്പുകൾ രൂപേഷ് ₹ 299
ഇസാന്റ ഇളവൂർ ശ്രീകുമാർ ₹ 480 ■ അമരകോശം ജ്യോതി ശങ്കർ ₹ 199 ■ ഭൂതാവിഷ്ടരുടെ സിംഹാസനങ്ങൾ പി.കെ. ശ്രീനിവാസൻ ₹ 270 ■ ചിലമ്പൊലി ശോഭാവർമ്മ ₹ 250

DC Books
72900 92216 / 0481-2563114
Email: info@dcbooks.com | dcbooks.com | dcbookstore.com | instagram.com/dcbooks
facebook.com/dcbooks | youtube.com/@DCBooksonline
ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.
ഡി സി/കറന്റ് ബുക്സ് ശാഖകൾ സന്ദർശിക്കൂ.



Our Vision

'A disinterested endeavour to learn and propagate the best that is known and thought in the world'

എഡിറ്റോറിയൽ

നവംബർ 2026
ലക്കം 04

ജെഫ്രി ആർച്ചർ: ത്രില്ലർ രചനകളുടെ മാസ്റ്റർ

വിസ്മയിപ്പിക്കുന്ന ആഖ്യാനചാരുതകൊണ്ട് ലോകമെമ്പാടും ആരാധകരെ സൃഷ്ടിച്ച അതുല്യപ്രതിഭയാണ് അന്തരിച്ച ബ്രിട്ടീഷ് എഴുത്തുകാരനായ ജെഫ്രി ആർച്ചർ. ലളിതമായ ഭാഷയും അപ്രതീക്ഷിത വഴിത്തിരിവുകളും അദ്ദേഹത്തിന് ത്രില്ലർ സാഹിത്യലോകത്ത് അനിഷേധ്യമായ സ്ഥാനം നല്കി. പണം, അധികാരം, രാഷ്ട്രീയം എന്നിവയെ പ്രമേയങ്ങളാക്കി രചിച്ച ആർച്ചറുടെ ബെസ്റ്റ് സെല്ലറുകളായ മൂന്നു നോവലുകളുടെ പരിഭാഷകൾ ഡി സി ബുക്സിലൂടെ വായനക്കാരിലേക്കെത്തുകയാണ്. *കായേനും ആബേലും (Kane and Abel)*, *അടയാളം തീർത്തവൾ (The Prodigal Daughter)*, *അവസാന മുന്നറിയിപ്പ് (Shall We Tell the President)* എന്നീ നോവലുകൾ ഉദ്വേഗഭരിതമായ കഥാസന്ദർഭങ്ങൾകൊണ്ടും ശക്തമായ കഥാപാത്രസൃഷ്ടികൊണ്ടും ആഗോളതലത്തിൽ വായനക്കാരെ ആകർഷിച്ച വിഖ്യാത രചനകളാണ്.

സസ്നേഹം
രവി ഡി സി

കറന്റ് ബുക്സ് ബുള്ളറ്റിൻ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക്

കേന്ദ്രസർക്കാരിന്റെ പുതിയ തപാൽനയത്തിന്റെ ഭാഗമായി, മാസികകളുടെ തപാൽ ഇളവ് പിൻവലിക്കുന്ന സാഹചര്യത്തിൽ, കറന്റ് ബുക്സ് ബുള്ളറ്റിനുള്ള തപാൽ ഇളവ് 2026 ഡിസംബർ ലക്കത്തോടെ അവസാനിക്കുകയാണ്. അതുകൊണ്ട്, കറന്റ് ബുക്സ് ബുള്ളറ്റിന്റെ അച്ചടിയും തപാൽവഴിയുള്ള വിതരണവും അവസാനിപ്പിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. ഇതോടെ, ജനുവരി 2027 മുതൽ കറന്റ് ബുക്സ് ബുള്ളറ്റിൻ ഡിജിറ്റൽ രൂപത്തിൽ വായനക്കാരിലേക്കെത്തും.

കാലത്തിനൊപ്പം, പുതിയ ഭാവത്തിലും രൂപത്തിലും കൂടുതൽ സവിശേഷതകളോടെ, സാഹിത്യത്തെയും വായനയെയും സ്നേഹിക്കുന്നവർക്കായി കറന്റ് ബുക്സ് ബുള്ളറ്റിൻ ഇനി ഡി സി ബുക്സിന്റെ Wink digital Store-ൽ ലഭ്യമാകും. ഏറ്റവും പുതിയ സാഹിത്യവാർത്തകളും പുസ്തകലോകത്തെ വിശേഷങ്ങളും ഇനി വിരൽത്തുമ്പിൽ!

കറന്റ് ബുക്സ് ബുള്ളറ്റിൻ ഡിജിറ്റൽ ലഭിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

ഉള്ളടക്കം

1202 തുലാം–വൃശ്ചികം, 1948 കാർത്തിക–മാർഗശീർഷം, 1448 ജ. അവ്വൽ–ആഖിർ

05 ജെഫ്രി ആർച്ചർ: ജീവിതം, അധികാരം, രാഷ്ട്രീയം
കെ. ജീവൻ കുമാർ

08 രാഷ്ട്രീയ സാമൂഹിക പ്രമേയങ്ങൾ പ്രതിഫലിക്കുന്ന കഥകൾ
കെ.ആർ. മീര

11 നിശ്ചയദാർഢ്യത്തിന്റെയും ആത്മധൈര്യത്തിന്റെയും കഥ
ജെ. ദേവിക

13 പ്രതീക്ഷാനിർഭരവും അർത്ഥവത്തുമായ ജീവിതം അകലെയല്ല
ദേവ്ദത് പട്നായ്ക്

19 പ്രസന്നസീത
പി. രാമൻ

21 അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ വെല്ലുവിളികൾ പകർത്തിയ ക്രൈം ത്രില്ലർ
ബിനോയ് സ്റ്റീഫൻ

22 വായനക്കാരന്റെ തീരുമാനങ്ങൾക്കനുസരിച്ച് കഥാഗതി നിർണയിക്കുന്ന നോവൽ
സജിത്ത് ആർ.

28 നിർമ്മിതബുദ്ധിയെ ശരിയായ ദിശയിൽ മനസ്സിലാക്കാനുള്ള ഒരു മാർഗ്ഗദർശി
ബി. ഇക്ബാൽ

31 ചരിത്രത്തിന്റെ ചോരപ്പാടുകളും മനുഷ്യത്വത്തിന്റെ ആഴങ്ങളും
ഹാൻ കാങ്

31 ക്രൂരതയുടെ ഹുങ്കാരമായി ഓംകാരം പരിണമിക്കുന്നു
കെ. അരവിന്ദാക്ഷൻ

പ്രൊഡക്ഷൻ: പ്രവീൺ കെ.എ.
ഡിസൈൻ & ലേ ഔട്ട്: അരുൺ പി.ജെ.

മാനേജിങ് എഡിറ്റർ
രവി ഡി സി
ഇഷ്യൂ എഡിറ്റർ
ഹരിത പി.ജി.
എഡിറ്റോറിയൽ ബോർഡ്
അരവിന്ദൻ
ആർ. രാമദാസ്
പ്രകാശ് മാരാഹി
ദീപ്തി ദിനേശ്
സാലിറ്റ് തോമസ്
കൃഷ്ണേന്ദു എസ്.
നിബി ആൻ മോഹൻ
പ്രസാദ് എ.
അശ്വതി ബാലചന്ദ്രൻ
അരുൺ ബാബു
അനു കെ.ബി.
അലൻ എസ്. എബ്രഹാം
വൈഷ്ണവി എസ്.
മാളവിക ആർ.
മേധ സാറാ സാം

സാംസ്കാരികവാർത്തകൾ

സാഹിത്യ നൊബേൽ ആൻ കാഴ്സണ്



സാഹിത്യ നൊബേൽ കനേഡിയൻ എഴുത്തുകാരി ആൻ കാഴ്സണ്. സാഹിത്യത്തിന്റെ ക്ലാസ്സിക്കൽ പാരമ്പര്യവുമായി സംവാദങ്ങളിൽ ഏർപ്പെടുന്ന തന്റെ ധീരവും നൂതനവുമായ കൃതികളിലൂടെ ആധുനിക സാഹിത്യത്തിൽ നവീന രൂപമാതൃകകൾ സൃഷ്ടിച്ചതിനാണ് അവാർഡെന്ന് നൊബേൽ കമ്മിറ്റി വിശദീകരിച്ചു. കവി, ഉപന്യാസകാരി, വിവർത്തക, പണ്ഡിത എന്നീ നിലകളിൽ വിഖ്യാതയായ കാഴ്സന്റെ പ്രധാനകൃതികൾ *Autobiography of Red, Nox, The Beauty of the Husband, Plainwater* തുടങ്ങിയവയാണ്.

മനോരാജ് കഥാസമാഹാരപുരസ്കാരം ഉണ്ണികൃഷ്ണൻ കിടങ്ങൂരിന്



പന്ത്രണ്ടാമത് മനോരാജ് കഥാസമാഹാരപുരസ്കാരത്തിന് ഉണ്ണികൃഷ്ണൻ കിടങ്ങൂർ അർഹനായി. ഡി സി ബുക്സ് പ്രസിദ്ധീകരിച്ച *പൊന്ത* എന്ന ചെറുകഥാസമാഹാരത്തിനാണ് പുരസ്കാരം. 33333 രൂപയും ശില്പവും അടങ്ങുന്നതാണ് അവാർഡ്.

ശിവരാമൻ ചെറിയനാട് സ്മാരക പുരസ്കാരം ജിൻഷ ഗംഗയ്ക്ക്



സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിഡന്റായിരുന്ന ശിവരാമൻ ചെറിയനാട് ട്രസ്റ്റിന്റെ 2026-ലെ ശിവരാമൻ ചെറിയനാട് സ്മാരകപുരസ്കാരത്തിന് ജിൻഷ ഗംഗ അർഹയായി. ഡി സി ബുക്സ് പ്രസിദ്ധീകരിച്ച *ഒട* എന്ന ചെറുകഥാസമാഹാരത്തിനാണ് അവാർഡ്. 20,001 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

ചെറുകാട് സ്മാരക ട്രസ്റ്റ് അവാർഡ് ഷാഹിന ഇ.കെയ്ക്ക്




ചെറുകാടിന്റെ സ്മരണയ്ക്കായി ചെറുകാട് സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ ചെറുകാട് പുരസ്കാരത്തിന് ഷാഹിന ഇ.കെ. അർഹയായി. ഡി സി ബുക്സ് പ്രസിദ്ധീകരിച്ച *സ്വപ്നങ്ങളുടെ പുസ്തകം* എന്ന കഥാസമാഹാരത്തിനാണ് അവാർഡ് ലഭിച്ചത്.

സി.വി. ശ്രീരാമൻ സ്മൃതികഥാപുരസ്കാരം മൃദുൽ വി എമ്മിന്



നാല്പത് വയസ്സിൽ താഴെയുള്ള കഥാകൃത്തുക്കൾക്കുള്ള സി.വി. ശ്രീരാമൻ സ്മൃതികഥാപുരസ്കാരം മൃദുൽ വി എമ്മിന്. ഡി സി ബുക്സ് പ്രസിദ്ധീകരിച്ച *കുളെ* എന്ന കഥാസമാഹാരമാണ് മൃദുലിനെ പുരസ്കാരത്തിന് അർഹനാക്കിയത്. 30,000 രൂപയും ശില്പവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം.

ചരമം



ജെഫ്രി ആർച്ചർ


വിഖ്യാത എഴുത്തുകാരനും ബ്രിട്ടീഷ് കൺസർവേറ്റീവ് രാഷ്ട്രീയക്കാരനുമായ ജെഫ്രി ആർച്ചർ (86) അന്തരിച്ചു. ചടുലവും ജനപ്രിയവുമായ ആഖ്യാനങ്ങൾക്ക് പ്രശസ്തനായ അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ മുഷത് കോടിയിലധികം കോഷികൾ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. കെ.എൽ.എഫ്. 2023-ൽ അദ്ദേഹം ഓൺലൈൻ സെഷനിൽ പങ്കെടുത്തിട്ടുണ്ട്. *നോട്ട് എ പെന്നി മോർ, നോട്ട് എ പെന്നി ലെസ്സ്, കെയ്ൻ ആന്റ് ഏബൽ ആസ് ദ ക്രോ ഫ്ലൈസ്* തുടങ്ങിയവയാണ് ഒരു മാസ്റ്റർ സ്റ്റോറിടെല്ലറായി വിശേഷിഷിക്കപ്പെടുന്ന അദ്ദേഹത്തിന്റെ പ്രധാനകൃതികൾ.



പി ജി രാജേന്ദ്രൻ

എഴുത്തുകാരനും പത്രപ്രവർത്തകനുമായ പി.ജി രാജേന്ദ്രൻ അന്തരിച്ചു. കൊടുങ്ങല്ലൂരിൽ വച്ചാണ് അന്ത്യം. ഡി സി ബുക്സ് പ്രസിദ്ധീകരിച്ച *ഹിമാലയവിഹാരം, ജ്യോതിർലിംഗക്ഷേത്രങ്ങൾ, ദക്ഷിണേന്ത്യയിലെ മഹാക്ഷേത്രങ്ങൾ, ക്ഷേത്രവിജ്ഞാനകോശം, ദേവീമാഹാത്മ്യം* എന്നിവയാണ് പ്രധാന കൃതികൾ.

നോവൽ



ജെഫ്രി ആർച്ചർ

ജീവിതം, അധികാരം, രാഷ്ട്രീയം

ഉദ്വേഗഭരിതമായ നോവൽത്രയത്തിലൂടെ

കെ. ജീവൻ കുമാർ

ജെഫ്രി ആർച്ചറിന്റെ *കായേനും ആബേലും (Kane and Abel)*, *അടയാളം തീർത്തവൾ (The Prodigal Daughter)*, *അവസാന മുന്നറിയിപ്പ് (Shall We Tell the President)* എന്നീ മൂന്നു നോവലുകളടങ്ങുന്ന പരമ്പര, ജനപ്രിയസാഹിത്യത്തിൽ ഒരു പുതിയ മാനദണ്ഡം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ലോകമെമ്പാടുമായി 30 കോടിയിലധികം കോപ്പികൾ വിറ്റഴിക്കപ്പെട്ടു; ഇത് അദ്ദേഹത്തെ തന്റെ തലമുറയിലെ ഏറ്റവും കൂടുതൽ ആളുകൾ വായിച്ച ബ്രിട്ടീഷ് എഴുത്തുകാരിൽ ഒരാളാക്കി മാറ്റി. തന്റെ അവസാന നോവലായ *Adam and Eve* പുറത്തിറങ്ങുന്നതിന് തൊട്ടു തലേദിവസം, 2026 ഒക്ടോബർ 5-ന്, 86-ാം വയസ്സിൽ ജെഫ്രി ആർച്ചർ അന്തരിച്ചു. ബിൽ ബ്രൈസൺ പറഞ്ഞതനുസരിച്ച് 'ലോകത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത്, ഓരോ അഞ്ച് സെക്കൻഡിലും ആർച്ചറുടെ ഒരു പുസ്തകം വിറ്റഴിക്കപ്പെടുന്നുണ്ട്.'




ഇന്ത്യയിലെ തന്റെ വമ്പൻ വായനാസമൂഹത്തെക്കുറിച്ച് ആർച്ചർ പലപ്പോഴും അതിശയത്തോടെ സംസാരിക്കാറുണ്ടായിരുന്നു. ആത്യന്തികമായി ഇന്ത്യ തന്റെ ഏറ്റവും വലിയ വിപണിയായി മാറിയെന്നു പറയുന്ന അദ്ദേഹം ഇവിടുത്തെ ജനങ്ങളെ തന്റെ 'സ്വാഭാവിക സുഹൃത്തുക്കൾ' എന്നാണ് വിശേഷിപ്പിച്ചത്. 2019-ലെ ജയ്പൂർ സാഹിത്യോത്സവത്തിൽ അദ്ദേഹം പങ്കെടുത്തപ്പോൾ, കേൾവിക്കാരായി ഏകദേശം 8,000 ആളുകൾ തടിച്ചുകൂടി. മുംബൈയിൽ നടന്ന ഒരു അത്താഴവിരുന്നിൽ കേട്ട കഥയിൽനിന്നാണ് അദ്ദേഹത്തിന്റെ *Caste-Off* എന്ന ചെറുകഥ രൂപപ്പെട്ടത്. അതുപോലെ, *Cometh the Hour* എന്ന നോവലിൽ പ്രിയ എന്നൊരു ഇന്ത്യൻ കഥാപാത്രത്തെയും അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. അസാധാരണമായ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ ആർച്ചറിന് അപൂർവമായ ഒരു കഴിവുണ്ടായിരുന്നു. ജീവിതത്തിൽ ഉയർച്ചതാഴ്ചകൾ നേരിടുകയും തിരിച്ചടികൾക്കിടയിലും പൊരുതിനിൽക്കുകയും സ്വന്തം ജീവിതഗതി മാറ്റാൻ ശ്രമിക്കുകയും ചെയ്യുന്ന, വലിയ ലക്ഷ്യങ്ങളുള്ള പുരുഷന്മാരും സ്ത്രീകളും നിറഞ്ഞതാണ് അദ്ദേഹത്തിന്റെ നോവലുകൾ.

ഈ പരമ്പരയിലെ ആദ്യനോവലായ *കായേനും ആബേലും* ഒരിക്കൽ മാത്രം കണ്ടുമുട്ടുകയും എന്നാൽ ആ കൂടിക്കാഴ്ചയിലൂടെ ജീവിതം എന്നെന്നേക്കുമായി മാറിമറിയുകയും ചെയ്ത രണ്ടുപേരുടെ കഥയാണ് പറയുന്നത്. ബോസ്റ്റണിലെ ഒരു കോടീശ്വരന്റെ മകനായ വില്യം ലോവൽ കായേനും പോളണ്ടിൽനിന്ന് കുടിയേറിയ, ദരിദ്രനായ ആബേൽ റോസ്നോവ്സ്കിയും തമ്മിൽ ഒരു കാര്യത്തിൽ മാത്രമേ സാമ്യമുണ്ടായിരുന്നുള്ളൂ. ലോകത്തിന്റെ രണ്ടു വ്യത്യസ്ത കോണുകളിൽ ഒരേ ദിവസമാണ് ഇരുവരും ജനിച്ചത്. സമ്പത്ത് കെട്ടിപ്പടുക്കാനുള്ള അവരുടെ കഠിനമായ പോരാട്ടത്തിനിടയിൽ, ഒരിക്കൽ മാത്രം അവരുടെ വഴികൾ കൂട്ടിമുട്ടാൻ വിധിക്കപ്പെട്ടിരുന്നു. പരസ്പരമുള്ള തീവ്രമായ പകയാൽ ബന്ധിപ്പിക്കപ്പെട്ട, ഒടുവിൽ പരസ്പരം നശിപ്പിക്കാൻ ഒരുമ്പെടുന്ന രണ്ടു ശക്തരായ മനുഷ്യരുടെ അറുപത് വർഷം നീളുന്ന അതിശയകരമായ കഥയാണ് *കായേനും ആബേലും*. പ്രധാന കഥാപാത്രങ്ങളായ ഇരുവരുടെയും ജനനം മുതൽ ജീവിതകാലം മുഴുവൻ അവരെ പിന്തുടരുന്ന ആഖ്യാനത്തിൽ ഒന്നിടവിട്ട അധ്യായങ്ങൾ ഈ കഥാപാത്രങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു. റഷ്യയുടെ നിയന്ത്രണത്തിലായിരുന്ന പോളണ്ടിലാണ് ആബേൽ ജനിച്ചത്. ഒന്നാം ലോകമഹായുദ്ധകാലത്ത് ജർമ്മൻ സൈന്യത്തിന്റെ പിടിയിലായി ദുരിതപ്പെട്ട അയാൾ, യുദ്ധാനന്തരം റഷ്യൻ സൈന്യത്തിന്റെ തടവിലുമായി. അധിനിവേശത്തിനു വിധേയമായ ഒരു രാജ്യത്തെ ജീവിതത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന അയാളുടെ ആദ്യകാല ജീവിതം ആകർഷകവും അതേസമയം ചില സന്ദർഭങ്ങളിൽ അതീവ ദാരുണവുമാണ്. വില്യം കായേൻ, ആബേൽ റോസ്നോവ്സ്കി എന്നിവർ തമ്മിലുള്ള കിടമത്സരത്തിന്റെയും പ്രതികാരദാഹത്തിന്റെയും ഇതിഹാസകഥയാണ് *കായേനും ആബേലും*. വ്യക്തിജീവിതത്തിലെ ദുരന്തങ്ങൾക്കിടയിലും തനിക്ക് ലഭിച്ച ബാങ്കിങ് സ്ഥാപനത്തെ കായേൻ പുതിയ ഉയരങ്ങളിലേക്ക് നയിക്കുന്നു. മറുവശത്ത്, ദുരിതപൂർണ്ണമായ ബാല്യത്തെയും തടവറയിലെ ജീവിതത്തെയും അതിജീവിച്ച്, അമേരിക്കയിലെത്തുന്ന ആബേൽ, അവിടെ ഒരു ഹോട്ടൽ സാമ്രാജ്യം കെട്ടിപ്പടുക്കുന്നു.



ഉദ്വേഗത്തിന്റെ കൊടുമുടി കയറുന്ന ആഖ്യാനശൈലിയും മനുഷ്യബന്ധങ്ങളിലെ വൈകാരികതീവ്രതയും പകിടകളിയുടെ അനിശ്ചിതത്വമാർന്ന രാഷ്ട്രീയലോകവും അനന്യമായി ആവിഷ്കരിക്കുന്ന *അടയാളം തീർത്തവൾ*, ഈ പരമ്പരയിലെ വേറിട്ട ഒരു നോവലാണ്. അമേരിക്കയിലെ ഒരു സാധാരണ പെൺകുട്ടിക്ക് ചിന്തിക്കാൻ പോലും കഴിയാത്തത്ര വലിയൊരു ലക്ഷ്യം പിന്തുടരുന്ന ഫ്ലോറന്റീന റോസ്നോവ്സ്കി എന്ന യുവതിയാണ് ഈ നോവലിലെ കേന്ദ്രകഥാപാത്രം. പരസ്പരം നശിപ്പിക്കാൻ വെമ്പുന്ന കായേനും ആബേലും തമ്മിലുള്ള കടുത്ത പോരാട്ടം, അവരുടെ അടുത്ത തലമുറയിലേക്കും നീളുന്നു. ആബേലിന്റെ മകളായ ഫ്ലോറന്റീനയ്ക്ക് തന്റെ പിതാവിന്റെ അസാമാന്യമായ കർമ്മശേഷി ലഭിച്ചെങ്കിലും അയാളുടെ സമ്പത്തൊന്നും ലഭിച്ചില്ല. സൗന്ദര്യവും ആത്മവീര്യവും, അതിലുപരിയായി തളരാത്ത ഇച്ഛാശക്തിയുമുള്ള അവൾ, കായേൻ, ആബേൽ എന്നിവരുടെ നേട്ടങ്ങളെപ്പോലും നിഷ്പ്രഭമാക്കുന്ന ഒരു ലക്ഷ്യത്തിന് പിന്നാലെ ഇറങ്ങിത്തിരിക്കുന്നു; ലോകത്തിലെ ഏറ്റവും ഉന്നതമായ പദവി കൈവരിക്കുവാനായി അവൾ പോരാടുന്നു. ആബേലിന്റെ മകൾ ഫ്ലോറന്റീന, കായേന്റെ മകൻ റിച്ചാർഡിനെ കണ്ടുമുട്ടുമ്പോഴാണ്, തങ്ങളുടെ ഈ ശത്രുത വലിയൊരു വ്യക്തിപരമായ നഷ്ടത്തിലേക്ക് നയിക്കുമെന്ന് പരമ്പരാഗത ശത്രുക്കൾ തിരിച്ചറിയാൻ തുടങ്ങുന്നത്. പിതാവ് തള്ളിപ്പറയുന്നതോടെ ഫ്ലോറന്റീന നിലനിൽപ്പിനായുള്ള പോരാട്ടം തുടങ്ങുന്നു. ഒടുവിൽ, സെനറ്ററായി മാറുന്ന അവൾ വൈറ്റ് ഹൗസിൽ കണ്ണുവെക്കുന്നു. എന്നാൽ, വ്യക്തിപരമായ ഒരു ദുരന്തം അവളെ പ്രസിഡന്റാകുന്ന ആദ്യ വനിതയാകുന്നതിൽ നിന്ന് തടയുമോ? തന്റെ രാഷ്ട്രീയജീവിതത്തിലുടനീളം, പ്രതിസന്ധികൾക്കിടയിലും ഫ്ലോറന്റീന ധാർമ്മികതയിൽ ഉറച്ചുനിൽക്കുന്നു. രാഷ്ട്രീയത്തിൽ സ്ത്രീകൾ എങ്ങനെ പാർശ്വവത്കരിക്കപ്പെടുന്നു എന്നതിലേക്കുള്ള ഒരു ഓർമ്മപ്പെടുത്തൽകൂടിയാണ് ഈ നോവൽ. ഓരോ പ്രതിസന്ധിഘട്ടത്തിലും മാർഗരറ്റ് താച്ചർ പ്രധാനമന്ത്രിയായപ്പോൾ പറഞ്ഞ വാക്കുകൾ ഫ്ലോറന്റീന ഓർക്കുമായിരുന്നു: "ഒരു പാർട്ടിയുടെ നേതൃസ്ഥാനത്ത് പുരുഷനാണോ സ്ത്രീയോ എന്നത് തമ്മിലുള്ള ഒരേയൊരു വ്യത്യാ



സം ഇതാണ്–ഒരു സ്ത്രീ പരാജയപ്പെട്ടാൽ, പുരുഷന്മാർ അവൾക്ക് രണ്ടാമതൊരു അവസരം നൽകില്ല."

അസാധാരണമായ ഇച്ഛാശക്തിയും ജീവിതത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുമുള്ള, ആണധികാരത്തെ അനായാസം മറികടക്കുന്ന സ്ത്രീകഥാപാത്രങ്ങൾ ഈ നോവലിന്റെ സവിശേഷതയാണ്. ഫ്ലോറന്റീനയുടെ വ്യക്തിത്വരൂപീകരണത്തിൽ നിർണായകമായ സ്വാധീനം ചെലുത്തുന്ന മിസ് ട്രെഡ്ഗോൾഡും തുടക്കത്തിൽ ദുർബലയെന്നു തോന്നിക്കുമെങ്കിലും തികഞ്ഞ ആത്മധൈര്യമുള്ള സഫിയയും മുതൽ അപ്രധാനരായ കഥാപാത്രങ്ങൾ വരെ വേറിട്ട വ്യക്തിത്വമുള്ളവരാണ്. സർവകലാശാലയിൽ വെച്ച് ഫ്ലോറന്റീനയുടെ ഉറ്റ കൂട്ടുകാരിയായി മാറുന്ന, അസാമാന്യമായ ധീരതയുള്ള ബെല്ല ഹെലമൻ അത്തരത്തിലുള്ള മറ്റൊരു കഥാപാത്രമാണ്. ഫ്ലോറന്റീനയുടെ ചിരകാലസുഹൃത്തും വിശ്വസ്തനുമായ എഡ്വേർഡ് വിൻചെസ്റ്റർ, കുടിലതയുടെ ആൾരൂപമായ ഹെൻറി ഓസ്ബോൺ തുടങ്ങിയവരെ ആർച്ചർ അവതരിപ്പിക്കുന്ന രീതി അനന്യമാണ്. വിവരണത്തിലൂടെയല്ല, ചില സന്ദർഭങ്ങളിലൂടെ കഥാപാത്രങ്ങളുടെ സ്വാഭാവം വെളിപ്പെടുത്തുന്ന സിനിമാറ്റിക് രീതിയാണ് ആർച്ചർ പിന്തുടരുന്നത്.

ബാല്യകൗമാരങ്ങളും യൗവനവും സ്കൂൾ, യൂണിവേഴ്സിറ്റി ജീവിതവും ഇത്ര ഉദ്വേഗഭരിതവും ആവേശഭരിതവുമായി വരച്ചിടുന്ന കൃതികൾ അപൂർവമായിരിക്കും. ഇരുപതാം നൂറ്റാണ്ടിലെ അനേക ദശകങ്ങളിലെ ചരിത്രസംഭവങ്ങളുടെ അലയൊലികൾ നോവലിന്റെ പശ്ചാത്തലത്തിൽ നിരന്തരം മുഴങ്ങുന്നുണ്ട്. അവ കഥയുടെ വികാസത്തിൽ സ്വാധീനം ചെലുത്തുന്നുമുണ്ട്. ജനപ്രിയനോവലുകൾ ചരിത്രത്തെയും സംസ്കാരത്തെയും എങ്ങനെയാണ് സൂക്ഷ്മമായി അടയാളപ്പെടുത്തുന്നതെന്ന് ഈ നോവൽ വെളിപ്പെടുത്തുന്നു. സമകാലിക ലോകത്തിൽ സവിശേഷ ശ്രദ്ധയാകർഷിക്കുന്ന കുടിയേറ്റം, ലിംഗസമത്വം വംശീയത തുടങ്ങിയ വിഷയങ്ങളും നോവലിൽ ഇഴചേരുന്നുണ്ട് .

Shall We Tell the President–ൽ, അധികാരമേറ്റ ആദ്യ ദിവസംതന്നെ, പുതിയ പ്രസിഡന്റിനെ വധിക്കുവാനുള്ള ഭീതിദമായ ഒരു ഗൂഢാലോചന എഫ്.ബി.ഐ. കണ്ടെത്തുന്നു. സൂചന ലഭിച്ച് ഒരു മണിക്കൂറിനുള്ളിൽ, വിവരമേകിയ ആളും നിരവധി അന്വേഷണ ഏജന്റുമാരും കൊല്ലപ്പെടുന്നു. യുവ എഫ്.ബി.ഐ. ഏജന്റ്, മാർക്ക് ആൻഡ്രൂസ് മാത്രം അതിനെ അതിജീവിച്ചു. ഗൂഢാലോചനക്കാർ ആക്രമിക്കുന്നതിനുമുമ്പ് അവരെ കണ്ടെത്താൻ ആൻഡ്രൂസിന് ആറു ദിവസവും 13 മണിക്കൂറും 37 മിനിറ്റും മാത്രമേ അവശേഷിക്കുന്നുള്ളൂ. മാർക്ക് ആൻഡ്രൂസ് പുരുഷാധിപത്യസമൂഹത്തിലെ ആണത്തത്തിന്റെ പ്രതിനിധിയല്ല, മറിച്ച് അക്രമരംഗങ്ങൾ കാണുമ്പോൾ അസ്വസ്ഥനാകുന്ന മാനുഷികമായ ബലഹീനതകളുള്ള ഒരു സാധാരണ മനുഷ്യനാണ്. അതിനാൽ അയാൾ തികച്ചും വിശ്വസനീയമായ ഒരു കഥാപാത്രമാണ്.

ആഴമേറിയ വിശകലനത്തിൽ സാംസ്കാരിക മാനദണ്ഡങ്ങളും വർഗ്ഗഘടനകളും സാമ്പത്തികവിപണികളും സമൂഹത്തിൽ ഇടപെടുന്നതിന്റെ രേഖാചിത്രം ജനപ്രിയ സാഹിത്യത്തിൽ കാണാം. ഈ കൃതികൾ സമൂഹത്തിൽ പ്രകടവും ലീനവുമായ പ്രത്യയശാസ്ത്രപരമായ ആധിപത്യങ്ങളെ ശക്തിപ്പെടുത്തുകയോ അട്ടിമറിക്കുകയോ ചെയ്യുന്നു. *What Was Class Culture and Mass Society?* എന്ന കൃതിയിൽ സാംസ്കാരിക നിരൂപകനായ Leslie Fiedler വാദിക്കുന്നത്, 'ഉന്നത കല'യും ജനപ്രിയസംസ്കാരവും തമ്മിലുള്ള പരമ്പരാഗത വേർതിരിവ് കൃത്രിമമായ ഒരു സാമൂഹിക നിർമ്മിതി മാത്രമാണെന്നാണ്. സാമൂഹിക വിലക്കുകളെ ലംഘിക്കുന്ന സാഹിത്യം, നിയമരാഹിത്യത്തിനായുള്ള ഒരു പ്രേരണ മനുഷ്യമനസ്സിന്റെ ആഴങ്ങളിൽ ഒളിഞ്ഞിരിപ്പുണ്ടെന്ന് നമ്മെ പഠിപ്പിക്കുന്നു. ഇത്തരം വിലക്കുകൾ ജനപ്രിയസാഹിത്യത്തിലേക്ക് കടന്നുവരുമ്പോൾ, അവ അബോധമനസ്സിലെ ഭയമായും നമ്മുടെ ശരീരത്തിന്മേലും സ്വപ്നങ്ങളിന്മേലും ആധിപത്യം പുലർത്തുന്ന ഒരു ശക്തിയായും മാറുന്നു. അതേ സമയം, ഇത്തരം ഇരുണ്ട വശങ്ങളെ പുറത്തുകൊണ്ടുവരികയും അവയുടെ തീവ്രത കുറയ്ക്കുകയും ചെയ്യുന്ന ഒരു കലാരൂപമായും ഇത് പ്രവർത്തിക്കുന്നു.



രാഷ്ട്രീയ-സാമൂഹിക പ്രമേയങ്ങൾ പ്രതിഫലിക്കുന്ന കഥകൾ

കെ.ആർ. മീര

രണ്ടായിരത്തിയഞ്ചിലെ പുതുവർഷദിനം. യുവ ഇന്ത്യൻ പത്രപ്രവർത്തകർക്കുള്ള ബ്രിട്ടീഷ് ചീവ്നിങ് സ്കോളർഷിപ്പിന്റെ ഭാഗമായി ഞാൻ ലണ്ടനിലായിരുന്നു. ലണ്ടനിലെ വെസ്റ്റ്മിൻസ്റ്റർ യൂണിവേഴ്സിറ്റിയിലും ദ് സൺഡേ ഒബ്സർവർ പത്രത്തിലുമായി മൂന്നു മാസത്തെ ഉപരിപരിശീലനം. ആദ്യ ചെറുകഥാസമാഹാരമായ *ഓർമ്മയുടെ ഞരമ്പും* രണ്ടാമത്തെ സമാഹാരം *മോഹമഞ്ഞയും ആ മരത്തെ മറന്നു മറന്നു ഞാൻ* എന്ന ചെറുനോവലും പ്രസിദ്ധീകരിക്കപ്പെട്ടുകഴിഞ്ഞു. പത്രപ്രവർത്തനത്തോടു വിരക്തിയും സാഹിത്യത്തോട് ആസക്തിയും അനുഭവപ്പെട്ടിരുന്നു. എല്ലായിടത്തും എല്ലാവരിലും ഞാൻ കഥകൾ തിരഞ്ഞു. എവിടെയും കഥാപാത്രങ്ങളെ മാത്രം കണ്ടു. സങ്കല്പത്തിൽ ഒരു ലോകം സൃഷ്ടിച്ച് അതിൽ അഭിരമിച്ചു. യഥാർഥ ലോകത്തെ വെറുത്തു.



ലണ്ടനിൽ ഞാൻ തനിച്ചായിരുന്നു. അത്രയും കാലം മകളെ പിരിയുന്നതിന്റെ ഉത്കണ്ഠയുണ്ടായിരുന്നു. അതേസമയം, ദൈനംദിന കെട്ടുപാടുകളിൽനിന്നും മോചിതയായതിന്റെ ആശ്വാസവും. ഏകാന്തത എത്രയേറെ മിസ് ചെയ്തിരുന്നു എന്ന് അന്നാണു മനസ്സിലായത്. തെംസ് നദിക്കരയിലും നെൽസൺ സ്ക്വയറിലും പാർലമെന്റ് സ്ട്രീറ്റിലും കഴിയുമ്പോഴൊക്കെ ഞാൻ അലഞ്ഞുനടന്നു. ആ ദിവസങ്ങളിലാണു ഞാൻ ഒരു കാര്യം ശ്രദ്ധിച്ചത്– ഉള്ളിലൊരു ഭാരമില്ലായ്മ. ജീവിതത്തിൽ ആദ്യമായി ആരോടും അനുവാദം ചോദിക്കാതെയും വിശദീകരണം നൽകാതെയും ജീവിക്കുന്നതിന്റെ ലാഘവമാണ് അതെന്നു ഞാൻ തിരിച്ചറിഞ്ഞു. അതുവരെയുള്ള ജീവിതത്തിൽ അങ്ങനെ എന്റേതുമാത്രമായ ദിവസങ്ങളോ ജീവിതമോ ഉണ്ടായിരുന്നില്ലെന്നു

ഞാൻ മനസ്സിലാക്കി. എല്ലാ യാത്രകളും മറ്റാരെങ്കിലും തീരുമാനിച്ചവയോ അനുവദിച്ചവയോ വിധിച്ചവയോ ആയിരുന്നു. ജനിച്ചതിൽപ്പിന്നെ ആദ്യമായി ആരുടെയും അനുവാദമില്ലാതെ പോകാനും വരാനും കഴിയുന്നത് എന്നെ ഉന്മാദിനിയാക്കി. മുപ്പത്തിയഞ്ചു വയസ്സുവരെയുള്ള ജീവിതത്തിൽ ചെറുതും വലുതുമായ എത്രയോ യാത്രകൾ. അനുവാദം ചോദിച്ചും വിശദീകരിച്ചും അപേക്ഷിച്ചും നിഷേധങ്ങളിൽ പ്രതിഷേധിച്ചും വീട്ടിൽനിന്ന് ഇറങ്ങുമ്പോൾ മുതൽ തിരിച്ചെത്തുന്നതുവരെ വഴിയിലും യാത്രയിലും സുരക്ഷിതത്വം ഉറപ്പാക്കിയും മറ്റുള്ളവർ എന്നെക്കുറിച്ചു കരുതുന്നതെന്ത് എന്ന് ആശങ്കപ്പെട്ടും നല്ല കുട്ടിയായി അംഗീകരിക്കപ്പെടാൻ പണിപ്പെട്ടും ചെലവഴിച്ച നിമിഷങ്ങൾ എണ്ണി ആരോഗ്യവും സർഗാത്മകതയും നിറഞ്ഞ പ്രായത്തിൽ നഷ്ടപ്പെടുത്തിയ കാലം കണക്കുകൂട്ടി ഞാൻ രോഷംകൊണ്ടു.

ലണ്ടൻ ശീലമായിക്കഴിഞ്ഞ സമയത്താണു ന്യൂ ഇയർ ഈവ് വന്നത്. രണ്ടായിരത്തിനാല് ഡിസംബർ 31. ലണ്ടനിലെ പുതുവർഷാരംഭം കാണാൻ ഞാൻ തീരുമാനിച്ചു. രാത്രി ഒമ്പതായപ്പോൾ പുറത്തിറങ്ങി. പുറപ്പെടുമ്പോൾ ഒപ്പം മാതൃഭൂമി പത്രപ്രവർത്തകനായ പി.എസ്. ജയനും ഉണ്ടായിരുന്നു. ഞങ്ങൾ നെൽസൺ സ്ക്വയറിലേക്കു നടന്നു. രാത്രിയിലെ പൂരപ്പറമ്പുപോലെയുണ്ടായിരുന്നു നെൽസൺ സ്ക്വയർ. നിരത്തു നിറഞ്ഞ ജനക്കൂട്ടം. ചിലർ ഇണകളാണ്. മറ്റുള്ളവർ കൂട്ടങ്ങളും. എല്ലാവരുടെയും ലക്ഷ്യം തെംസ് നദിക്കരയായിരുന്നു. അക്കരെ ലണ്ടൻ ഐ കാണാം. പന്ത്രണ്ടടിക്കുമ്പോൾ അവിടെ ആകാശത്ത് ആയിരം പൂത്തിരികൾ വിടരും. അങ്ങനെയായിരുന്നു അവിടെ പുതുവർഷത്തിന്റെ പിറവി.

തിരക്കിൽ ജയനെ കാണാതായി. ഞാൻ ആൾക്കൂട്ടത്തോടൊപ്പം പാർലമെന്റ് സ്ട്രീറ്റിലേക്കു നടന്നു. അവിടെ ബാരിക്കേഡുകൾ ഉണ്ടായിരുന്നു. ഇനിയെന്ത് എന്നറിയാതെ നിൽക്കെ, വലിയൊരു ബഹളമുണ്ടായി. ആഫ്രിക്കൻ വംശജരായ ചെറുപ്പക്കാരുടെ ഒരു സംഘം കൈകൾ കോർത്തുപിടിച്ച് ഒരു തിരപോലെ തള്ളിക്കയറിവന്നു. ആൾക്കൂട്ടത്തിൽ പലരും വീണു. വലിയ ബഹളമുണ്ടായി. അതിനിടെ കുതിരപ്പുറത്തു പോലീസ് വന്നു. അങ്ങുമിങ്ങും പായുന്ന വർക്കിടയിൽ വീഴാതെയും ചവിട്ടുകൊള്ളാതെയും ഞാൻ രക്ഷപ്പെട്ടു. അതോടെ ആവേശമെല്ലാം ആവിയായി. കാലും നടുവും ഒടിയാതെ മുറിയിൽ എത്തിയാൽ മതിയെന്നായി. തണുപ്പു കൂടിക്കൂടി വന്നു. സ്കാലാ ഹൗസിലേക്കുള്ള വഴിയിൽ ഞാൻ തിരികെ നടന്നു.

പക്ഷേ, അതെളുപ്പമായിരുന്നില്ല. മണി പന്ത്രണ്ടോട് അടുത്തിരുന്നു. ഡൗണിങ് സ്ട്രീറ്റിൽ, പ്രധാനമന്ത്രിയുടെ വസതിയായ നമ്പർ 10-നു മുമ്പായി, അക്കരെ, ലണ്ടൻ ഐ കാണാവുന്ന പഴുതിനുമുമ്പിൽ ജനക്കൂട്ടം വഴിമുടക്കി നിന്നു. ആ വലിയ കൂട്ടത്തെ ഭേദിക്കുക സാധ്യമായിരുന്നില്ല. അപ്പോഴേക്കു ചാറ്റൽമഴയും തുടങ്ങി. പുറത്തിറങ്ങിയ നിമിഷത്തെ ശപിച്ചു തണുപ്പിൽ മരവിച്ച് മഴ നനഞ്ഞു ഞാൻ ആൾക്കൂട്ടത്തിന്റെ ഓരത്ത്, ഇലകൊഴിഞ്ഞ മരത്തിനു കീഴിൽ നിന്നു. അപ്പോൾ പിന്നിൽനിന്ന് ആരോ എന്നെ തോണ്ടി വിളിച്ചു: "സിസ്റ്റർ, വിൽ യൂ ഡൂ മി എ ഫേവർ? പന്ത്രണ്ടടിക്കുമ്പോൾ ഒരു സ്നാപ് പ്ലീസ്?"

അയാൾ മെലിഞ്ഞുണങ്ങിയ ഒരാളായിരുന്നു. രക്തം വറ്റിയ മുഖവും കുഴിഞ്ഞ കണ്ണുകളും. മരവിച്ച വിരലുകൾകൊണ്ടു ഞാൻ ഫോൺ വാങ്ങി. അന്നെനിക്കു ഫോണിൽ ചിത്രമെടുക്കാൻ അറിയുമായിരുന്നില്ല. അയാൾ ധൃതിയിൽ ക്യാമറ ഓൺ ചെയ്തു ഫ്രെയിം സെറ്റ് ചെയ്ത് എവിടെ ക്ലിക്ക് ചെയ്യണമെന്നു പറഞ്ഞുതന്നു. ഞാൻ ഫ്രെയിമിലൂടെ നോക്കി ഫോക്കസ് ചെയ്തു. നോക്കുമ്പോൾ അയാൾ അടുത്തുനിന്ന ചെറുപ്പക്കാരനെ ചേർത്തണയ്ക്കുന്നു. ഞാൻ പകച്ചുപോയി. അപ്പോഴേക്ക് ബിഗ് ബെൻ പന്ത്രണ്ടാം മണി മുഴക്കിത്തുടങ്ങുകയും രണ്ടു പുരുഷൻമാരും പരസ്പരം വൈൻ ഗ്ലാസുകൾ ചുണ്ടിൽ ചേർത്തുകൊടുക്കുകയും ചുണ്ടുകളിൽ വീഞ്ഞിന്റെ ചുവപ്പോടെ സ്വയം മറന്നു ചുംബിക്കുകയും ചുണ്ടുകൾ വിടർത്തി പരസ്പരം കണ്ണുകളിൽ ഉറ്റുനോക്കുകയും ഗാഢമായി ആലിംഗനംചെയ്തു വീണ്ടും ചുംബിക്കുകയും ചെയ്തു.

മന്ദിച്ച തലയോടെ ഞാൻ യാന്ത്രികമായി ക്ലിക്ക് ചെയ്തുകൊണ്ടിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം അതു തീർത്തും അപ്രതീക്ഷിതവും അവിശ്വസനീയവുമായിരുന്നു. അത്രയും അനുരാഗത്തോടെ എന്നെയൊരാളും നോക്കിയിട്ടില്ല. അത്രയും രാഗവായ്പോടെ ഒരു പുരുഷനും ഒരു സ്ത്രീയെ നോക്കുന്നതു ഞാൻ കണ്ടിട്ടില്ല.

ക്യാമറ തിരികെ നൽകുമ്പോൾ ഫോണിലെ പടങ്ങൾ നോക്കിയിട്ട് അയാൾ പറഞ്ഞു, "താങ്ക് യൂ സോ മച്ച്, സിസ്റ്റർ." ഞാൻ അവരെ പരിചയപ്പെടാൻ ശ്രമിച്ചു. അയാൾ പറഞ്ഞു: "ഇത് എന്റെ അവസാന ന്യൂ ഇയർ ആയേക്കാം. ഞാൻ എയ്ഡ്സ് രോഗിയാണ്. മരിച്ചുകൊണ്ടിരിക്കുകയാണ്. ഇനി ഒരു ന്യൂ ഇയർകൂടി ഞങ്ങൾ ഒന്നിച്ചുണ്ടാകുമെന്ന് ഒരുറപ്പുമില്ല. നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം."

ഞാൻ കരഞ്ഞുപോയി. കരിമരുന്നുപ്രയോഗത്തിനുശേഷം ആൾക്കൂട്ടം പിരിഞ്ഞു വഴിതെളിഞ്ഞപ്പോൾ ഞാൻ വിറയാർന്നു. പിന്നീടു സ്വപ്നത്തിലെന്നപോലെ അവരെ അനുഗമിച്ചു. ഒന്നാമൻ രണ്ടാമനെ തരളതയോടെ ചേർത്തുപിടിച്ചിരുന്നു. രണ്ടാമൻ ഒന്നാമന്റെ ചുമലിൽ പൂർണമായി സ്വയം സമർപ്പിച്ചിരുന്നു. പ്രേമത്തിനു ദേശമോ പ്രായമോ മാത്രമല്ല, ജെൻഡറും ബാധകമല്ല എന്നു ഞാൻ തിരിച്ചറിയുകയായിരുന്നു.

അഗതാ ക്രിസ്റ്റി

കുറ്റാന്വേഷണ നോവലുകളുടെ രാജ്ഞി
































ഓർമ്മ



നിശ്ചയദാർഢ്യത്തിന്റെയും ആത്മധൈര്യത്തിന്റെയും കഥ

ജെ. ദേവിക

ജീവിതം അർത്ഥപൂർണമായിരിക്കണമെന്ന് നിർബന്ധമുള്ളവർക്ക് മരിക്കും മുമ്പ് തീർച്ചയായും പൂർത്തീകരിക്കേണ്ടതായ ചില ദൗത്യങ്ങളുണ്ട്–എന്നെ സംബന്ധിച്ചിടത്തോളം അവയിലൊന്നാണ്, അത്ര പ്രധാനമാണ്, ഈ ആത്മകഥയുടെ പരിഭാഷ. പൊതുവെ പറഞ്ഞാൽ ജനാധിപത്യരാഷ്ട്രീയപ്രവർത്തനത്തിൽ–അത് കക്ഷിരാഷ്ട്രീയമായാലും ശരി, സ്വതന്ത്ര സിവിൽസമൂഹരാഷ്ട്രീയമായാലും ശരി–വലിയൊരു പ്രതിസന്ധിയെ നാം നേരിട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. മുഖ്യധാരാ ഇടതുകക്ഷികളിലെ പൊതുപ്രവർത്തനം ജനാധിപത്യവിരുദ്ധതയിലേക്കു താണുപോകുന്നതും സിവിൽസമൂഹപ്രവർത്തനം വല്ലാതെ ദുർബലപ്പെടുന്നതും അതിന്റെ സ്വതന്ത്ര–പ്രതിപക്ഷസ്വഭാവം മാഞ്ഞുപോകുന്നതും നാം കഴിഞ്ഞ പത്തു പതിനഞ്ചു വർഷങ്ങൾക്കിടയിൽ കണ്ടതാണ്. ജനാധിപത്യത്തിന്റെ തുടർച്ചയെപ്പറ്റിയുള്ള ആകാംക്ഷയുടെ കാറും കോളും വല്ലാതെ തിങ്ങിനിൽക്കുന്ന ഈ അന്തരീക്ഷത്തിൽ ഗീതയുടെ പോരാട്ടത്തിന്റെ കഥ തീർച്ചയായും വെളിച്ചവും ചൂടും പകരുന്ന തീപ്പൊരിതന്നെയാണ്.



ഇംഗ്ലിഷ് പുസ്തകത്തിന്റെ തലക്കെട്ടല്ല പരിഭാഷയിൽ സ്വീകരിച്ചിട്ടുള്ളത്. പകരം, പുസ്തകത്തിന്റെ വായനാനുഭവത്തെ കൃത്യമായി വിവരിക്കുന്ന തലക്കെട്ട് ഞാൻ അന്വേഷിച്ചു. അസാമാന്യമായ നിശ്ചയദാർഢ്യത്തിന്റെയും ആത്മധൈര്യത്തിന്റെയും കഥ, കരുണാപൂർണമായ വിഷാദത്തിന്റെ നേർത്ത പടലത്തിനുള്ളിൽ മുനിഞ്ഞുകത്തുന്ന കാഴ്ചയാണ് ഈ പുസ്തകം വായനക്കാർക്കു സമ്മാനിക്കുന്നത്. ഒരു വ്യക്തിയുടെ അനുഭവകഥ മാത്രമല്ല ഇത്, തീവ്രകമ്മ്യൂണിസ്റ്റ് രാഷ്ട്രീയമുണ്ടാക്കിയ നിരാശയിലും അണയാത്ത ജനസ്നേഹവും ലോകത്തേക്ക് നിരന്തരം കരുണയോടെ സ്വയം തുറന്നിടാനുള്ള ദാഹവും അണയാതെ കാത്ത ഒരു തലമുറയുടെതന്നെ കഥയാണിത്. മലയാ

ളത്തിൽ ഇതേ മാനസികാവസ്ഥയെ കവിതയ്ക്കു മാത്രം കൈവരുന്ന വൈകാരികതീവ്രതയോടെ അവതരിപ്പിച്ച പ്രിയ കവി പുനലൂർ ബാലന്റെ ചില കവിതകളാണ് എനിക്കോർമ്മ വന്നത്. അതുകൊണ്ട് അവയിൽ ഒന്നിന്റെ തലക്കെട്ടിനോട് സാമ്യമുള്ള ശീർഷകമാണ് ഞാൻ ഈ പരിഭാഷയ്ക്കായി തിരഞ്ഞെടുത്തത്–*ഇരുളിൽ പൊതിഞ്ഞ തീനാളം*. തർജ്ജമ വാക്കുകളെ മാത്രമല്ല വികാരസാന്ദ്രതകളെക്കൂടി ഒരു ഭാഷയിൽനിന്ന് മറ്റൊന്നിലേക്ക് കടത്തിവിടുന്ന വിദ്യയാണ്.

മറ്റു മനുഷ്യർക്ക് അനുകരിക്കാവുന്ന ചില മാതൃകകളെ തേടിയാണ് പലരും മഹത്തുക്കളുടെ ജീവിതകഥകളും ആത്മകഥകളും മറ്റും വായിക്കുന്നത്. പക്ഷേ, ഉപരിപ്ലവമായ അനുകരണമൊന്നും സാധ്യമല്ലാത്ത കഥയാണ് ഗീത പറയുന്നത്. 1950–കൾ മുതൽ 1990–കളുടെ തുടക്കംവരെ ഇന്ത്യയിൽ നിലനിന്നിരുന്ന, ഇന്ന് അതിവേഗം മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന, സവിശേഷ രാഷ്ട്രീയ–ഭരണ–പ്രത്യയശാസ്ത്ര സാഹചര്യങ്ങളാണ് ഗീതയെ സൃഷ്ടിച്ചതെന്ന് അവരുടെ എഴുത്ത് വ്യക്തമാക്കുന്നുമുണ്ട്. ആ സാഹചര്യങ്ങളുടെ നീതിസാധ്യതകളെ ആന്ധ്രാപ്രദേശിലെ ജാതി–വർഗ ശ്രേണികൾക്കുള്ളിൽ ഏറ്റവും അടിച്ചമർത്തപ്പെട്ട മനുഷ്യർക്കുവേണ്ടി പരമാവധി വിനിയോഗിക്കാനായുള്ള അസാമാന്യമായ പോരാട്ടമായിരുന്നു അവരുടെ യൗവനകാലം മുഴുവനും. പോലീസ് അന്നും ഇന്നും ഒരുപോലെതന്നെയെങ്കിലും ദരിദ്രരുടെ പൗരത്വത്തെയും മനുഷ്യത്വത്തെയും അല്പം കൂടി അംഗീകരിച്ച നിയമവ്യവസ്ഥയും ജനാധിപത്യത്തിന്റെയും സാമൂഹ്യനീതിയുടെയും മൂല്യങ്ങളെ ശക്തമായി പിന്തുണച്ച മാധ്യമവ്യവസ്ഥയും സ്വന്തം ജീവിതങ്ങളെ നീതിപ്പോരാട്ടങ്ങൾക്കായി നീക്കിവയ്ക്കുന്ന യൗവനങ്ങളും സമരസന്നദ്ധതയുടെ സംസ്കാരവും ഇന്ന് എത്രയോ ശോഷിച്ചുപോയിരിക്കുന്നു.

പിന്നെയെന്താണ് ഈ എഴുത്തിന്റെ പ്രസക്തി? ഗീതയുടെ പുസ്തകം ജീവിതത്തിൽ താൻ നേടിയെടുത്ത മഹാകാര്യങ്ങളുടെയും വിജയങ്ങളുടെയും നീണ്ട ലിസ്റ്റ് അവതരിപ്പിക്കുന്ന അഹന്താഗാഥയല്ലെന്നതുതന്നെയാണ് അതിന്റെ ഏറ്റവും വലിയ മഹത്ത്വം. താൻ വിജയിനിയാണെന്നല്ല, വളരെക്കാര്യങ്ങൾ ജനങ്ങളോടൊപ്പം നേടിയെങ്കിലും കാതലായ പല ലക്ഷ്യങ്ങളിലും താൻ പരാജയപ്പെട്ടുവെന്നാണ് അവർ പറയുന്നത്. അഹന്താഗാഥയല്ലാത്ത ഈ കഥ പിന്നെ എന്തിന്റെ കഥയാണ്? ഈ ചോദ്യത്തിന് എനിക്കുള്ള ഉത്തരം ഇതാണ്–ജന്മം കൊണ്ടു (മാത്രം) കിട്ടിയ സവിശേഷ സാമൂഹ്യ മെച്ചങ്ങളെ തിരസ്കരിച്ച ഒരു യുവതി തന്റെ ആന്തരികസ്വത്വത്തെ പുറംലോകവുമായി കരുണാപൂർവമായ ഇടപെടലുകളിലൂടെ തിരുത്താനും വളർത്താനും പോരാടിയതിന്റെ കഥയാണിത്. തന്റെ ഉൾലോകത്തുനിന്നും പരിചിതലോകങ്ങളിൽനിന്നും അപരിചിതവും അന്യവുമായ ലോകങ്ങളിലേക്കും മനുഷ്യരിലേക്കും കരുണാപൂർവം, സ്നേഹപൂർവം നടത്തിയ ആ സഞ്ചാരം പുസ്തകം വായനയെക്കാൾ, പ്രത്യയശാസ്ത്ര പരിശീലനത്തെക്കാൾ, തന്നെ മാനവീകരിച്ചെന്ന് ഗീത പലവട്ടം, ഊന്നിയൂന്നി, പറയുന്നു. (ഇവിടെ കരുണ എന്നു ഞാൻ പറയുന്നത് ബുദ്ധൻ ആ പദത്തിനു കല്പിച്ച അർത്ഥത്തിലാണ്). ഭയമോ ശങ്കയോ പുറകോട്ടുവലിക്കാൻ അനുവദിക്കാതെ അവർ നടത്തിയ ആ യാത്രയുടെ കഥ വായനക്കാരെയും മാനവീകരിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഉറഞ്ഞുകട്ടിയായ അഹന്തയല്ല, സദാ സ്വയം നവീകരിക്കാനുള്ള പ്രയത്നത്തിലൂടെ മാറിക്കൊണ്ടേയിരിക്കുന്ന, സ്വയം തിരുത്തുന്ന, തന്നെക്കാൾ എത്രയോ ബൃഹത്തായ, മഹത്തായ, മറ്റൊന്നിൽ–അത് ജനമോ സത്യമോ കരുണയോ മൈത്രിയോ നീതിയോ ദൈവവിശ്വാസികളുടെ ഭാഷയിൽ പറഞ്ഞാൽ പ്രപഞ്ച സ്നേഹമാകുന്ന ദൈവസ്നേഹമോ അതോ അതെല്ലാമോ ആകാം. നിരന്തരം അലിഞ്ഞുചേരുന്ന ആത്മത്തെയാണ് ഈ ആത്മകഥ പരിചയപ്പെടുത്തുന്നത്. കഥ പറയുന്നയാൾ ഇടതുപക്ഷ–മതേതരമൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്നത് മതങ്ങൾക്കപ്പുറമായ ആത്മീയാന്വേഷണങ്ങൾക്ക് എതിരാകണമെന്നില്ല.

അത്തരമൊരു ആത്മാന്വേഷണത്തിൽ സ്വയം കേന്ദ്രീകരിച്ച ജീവിതം എന്തെല്ലാം അത്ഭുതകരമായ നേട്ടങ്ങളാണ് ജനാധിപത്യത്തിനും നീതിക്കുമായി സൃഷ്ടിച്ചതെന്ന് അങ്ങേയറ്റം ആദരവോടെയല്ലാതെ വായിച്ചറിയാൻ കഴിയില്ല. സ്വന്തം ശബ്ദം കണ്ടെത്താൻ പണിപ്പെട്ടുകൊണ്ടിരുന്ന വലിയൊരു ജനവിഭാഗത്തോടൊപ്പം മാടമ്പികളുടെയും പോലീസിന്റെയും ഉദ്യോഗസ്ഥശക്തിയുടെയും അധികാരരാഷ്ട്രീയത്തിന്റെയും ആക്രമണങ്ങൾക്കെതിരേ ജീവൻമരണപോരാട്ടം നടത്തുന്നതിനിടയിലൂടെയാണ് ഗീതയും കൂട്ടരും തെലുങ്ക് പൊതുമണ്ഡലത്തിലെ നിർണായകസ്ഥാപനമായ ഹൈദരാബാദ് ബുക്ക് ട്രസ്റ്റ്, തെലുങ്ക് ലിറ്റിൽ മാഗസിൻ ചരിത്രത്തിൽ നാഴികക്കല്ലായ നലുപു, തുടങ്ങിയ സാംസ്കാരിക പ്രകാശഗോപുരങ്ങളെ പണിതുയർത്തിയതെന്ന് ചിന്തിക്കുമ്പോഴാണ് അവരുടെ ആത്മീയാന്വേഷണം പകർന്ന ഊർജം എന്തായിരുന്നുവെന്നതിനെപ്പറ്റി അല്പം മനസ്സിലാക്കാൻ കഴിയുന്നത്. സൃഷ്ടിച്ച ഒന്നിന്റെയും ക്രെഡിറ്റ് സ്വന്തമാക്കി 'ഞാൻ, ഞാൻ!' എന്നു പ്രഖ്യാപിക്കുന്നതിനു പകരം ആ കാര്യം ചെയ്യാൻ തന്നോടൊപ്പം കൂടിയ എല്ലാവരെയും കഥയിലേക്കു ഗീതയ്ക്കു കൊണ്ടുവരാനാകുന്നത്, അവരുടെ ഒഴുക്കിഷ്ടരക്കാൻ ശേഷിയുള്ള ഉൾക്കാമ്പിന്റെ തെളിവാണ്. അവർ ആ ശേഷി ആർജിച്ചതിന്റെ കഥയാണ് ഈ പുസ്തകം. ■

സെൽഫ് ഹെൽപ്പ്



പ്രതീക്ഷാനിർഭരവും അർത്ഥവത്തുമായ ജീവിതം അകലെയല്ല

ദേവ്ദത് പട്നായ്ക്

ഹോപ്പ്

21-ാം നൂറ്റാണ്ടിൽ ലോകം കുറേക്കൂടി നല്ല ഇടമാകേണ്ടിയിരുന്നതല്ലേ? എന്നാൽ ഇന്നു നാം ജീവിക്കുന്ന ലോകം മുമ്പെങ്ങുമില്ലാത്തവിധം ഇരുണ്ടതായി മാറിയിരിക്കുന്നു. കാലാവസ്ഥാവ്യതിയാനം, സാമൂഹിക അസമത്വം, മാനസികസമ്മർദ്ദം, സമൂഹമാധ്യമങ്ങളിൽ തങ്ങൾ മാത്രം ശരിയെന്നു ശഠിക്കുന്ന, വിവേകമതികളെന്നു കരുതുന്നവരുടെ നിസ്സാരകാര്യങ്ങൾക്കുവേണ്ടിയുള്ള പൊരിഞ്ഞ പോരാട്ടം എന്നിവയാൽ, ആശയവിനിമയത്തിന് ഇന്ന് നിരവധി ഉപാധികളുണ്ടെങ്കിലും, എന്നത്തെക്കാളും വിയോജിപ്പുകളെ നാം നേരിടുകയാണ്. കോവിഡ്-19 എന്ന പ്രതിസന്ധി പലരുടെയും നൈരാശ്യത്തിന്റെ ആക്കം വർദ്ധിപ്പിച്ചിരിക്കുന്നു. എങ്ങനെയാണ് നമുക്കിതിനെ പ്രതിരോധിക്കാനും ശുഭാപ്തിവിശ്വാസം വീണ്ടെടുക്കാനും കഴിയുക? സന്തോഷപൂർണ്ണമായി ജീവിക്കാൻ, നമ്മുടെ മാനസിക വൈകാരിക ശക്തികൾ എങ്ങനെ വികസിപ്പിച്ചെടുക്കാം.


ഈ പുസ്തകത്തിലൂടെ, പുതിയ കണ്ണുകളാൽ ലോകം നോക്കിക്കാണുവാനും പ്രതീക്ഷാനിർഭരരാകാനും നിങ്ങളെ പ്രാപ്തരാക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ കുട്ടിക്കാലത്ത് കേട്ടിരിക്കാവുന്ന കഥകൾ വഴി, എന്നാൽ അവയ്ക്ക് പുതിയ അർത്ഥതലങ്ങൾ നൽകി, ഇത് സാധ്യമാക്കുക എന്നാണ് ഞാൻ ചെയ്യുവാൻ പോകുന്നത്.

ഒന്നാമധ്യായം തുടങ്ങുന്നത് നൈരാശ്യം ഒരു വികാരമായിത്തന്നെ തിരിച്ചറിഞ്ഞുകൊണ്ടാണ്. ലോകത്തിലെ മുഴുവൻ പുരാണങ്ങളുടെയും വെളിച്ചത്തിൽ, നിരാശയും ശൈഥില്യവും മനുഷ്യാനുഭവങ്ങളുടെ ഭാഗമാണെന്ന് നിങ്ങളോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

രണ്ടാമധ്യായം പര്യവേക്ഷണം നടത്തുന്നത് സമൃദ്ധിയുടെ കഥകൾ എങ്ങനെ ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിൽ കവചമായി നിലകൊണ്ടുകൊണ്ട് നമ്മെ പ്രചോദിപ്പിക്കുകയും മനസ്സുകളിൽ പ്രതീക്ഷയുടെ പുനഃപ്രതിഷ്ഠ നടത്തുകയും ചെയ്യുന്നു എന്നതിലാണ്.

മൂന്നാമധ്യായം അടയാളപ്പെടുത്തുന്നത് ഒരു പ്രതിസന്ധിയുടെ ഉറവിടത്തെയും വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ യാഥാർത്ഥ്യങ്ങളെ സ്വാധീനിക്കുന്ന നൈരാശ്യത്തിന്റെ പ്രേരകശക്തികളെയുമാണ്.

നാലാമധ്യായം കേന്ദ്രീകരിക്കുന്നത്, ഒരു പ്രതിസന്ധി



യോഗ മിത്തോളജി

ബുദ്ധനെ ആധുനിക ആരോഗ്യപരിപാലനത്തിന്റെ വിഗ്രഹമാക്കുകയും (Spa icon) ശരീരഭാരം കുറയ്ക്കലും പൊങ്ങച്ചം കാണിക്കാൻ 'സിക്സ്പാക്ക്' വികസിപ്പിച്ചെടുക്കലുമാണ് ആരോഗ്യലക്ഷണം എന്ന തലത്തിലേക്ക് നമ്മുടെ അന്വേഷണം തരംതാണുകൊണ്ടിരിക്കുന്നതുമായ ഒരു കാലഘട്ടത്തിലാണ് നമ്മൾ ഇപ്പോൾ ജീവിക്കുന്നത്. ആരോഗ്യത്തെ ജനങ്ങൾ ഒരു പ്രാപഞ്ചികമായ–മതേതരപ്രവർത്തമായിട്ടാണ് കാണുന്നത്. അതായത് മതത്തിൽനിന്നും ആത്മീയതയിൽനിന്നും അകന്ന ഒരു പ്രവർത്തനമായിട്ട്. മതവും ആത്മീയതയും ഒന്നുകിൽ അവജ്ഞയോടെ തള്ളപ്പെടുന്നു അല്ലെങ്കിൽ ഒരാവശ്യവുമില്ലാതെ വിനാശം വിതയ്ക്കുന്ന വിധത്തിൽ അവതരിപ്പിക്കപ്പെടുന്നു. നമ്മുടെ മാനസികതലത്തിലും സാമൂഹികതലത്തിലും വിശ്വാസത്തിന്റെ സാന്നിധ്യത്തെ കുറച്ചുപേർ മാത്രമേ അംഗീകരിക്കുന്നുള്ളൂ. അതേപോലെതന്നെ ശാരീരികവും മാനസികവും സാമൂഹ്യവുമായ ബന്ധത്തെയും. യോഗ എന്നാൽ ശരീരക്ഷമത നിലനിർത്താൻ മാത്രമുള്ള ഒന്നാണോ? അല്ല. അതിൽ ആത്മീയതയും (നിഗൂഢതയോ മാന്ത്രികതയോ) മതവും (ഹിന്ദു, ബുദ്ധ, ജൈന) സംസ്കാരവും (ഭാരതീയം) ഉണ്ടോ എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയാൽ അത് വിവാദങ്ങളിലും തീക്ഷ്ണമായ വാദപ്രതിവാദങ്ങളിലും എത്തിച്ചേരും. അവയെ മാറ്റിനിർത്തി സംസാരിക്കാനും പ്രയായിൽ നമുക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും എന്തു ചെയ്യാൻ കഴിയുമെന്നതിലാണ്.

അഞ്ചാമധ്യായം ഒരു ദീർഘകാലവീക്ഷണത്തോടെ യാഥാർത്ഥ്യബോധമുൾക്കൊണ്ടും പ്രതിസന്ധി ഉണ്ടാവുകയാണെങ്കിൽ അത് കൈകാര്യം ചെയ്യാനാവശ്യമായ പ്രതിരോധമുൾക്കൊണ്ടും നല്ല നാളെയെക്കുറിച്ച് പ്രത്യാശ പുലർത്തുന്നവരായി തുടരാമെന്ന് പറയുന്നു.

ആദ്യത്തെ മൂന്നധ്യായം നിങ്ങളുടെ ചിന്താരീതി മാറ്റുവാനുള്ള ആശയങ്ങളെക്കുറിച്ച് പര്യവേക്ഷണം നടത്തുന്നു. അവസാനത്തെ രണ്ടോ, നിങ്ങൾക്ക് ഒരു പ്രതിസന്ധി നേരിടേണ്ടിവരുമ്പോൾ അത് കൈകാര്യം ചെയ്യാനുള്ള തന്ത്രങ്ങൾ പറഞ്ഞു തരുന്നു.

ഈ പുസ്തകത്തിൽ ഹൈന്ദവ, ക്രിസ്തീയ ഇസ്ലാമിക സന്ദർഭങ്ങളിൽ അവയുടെ ഏകദൈവവിശ്വാസം മാനിച്ച് ദൈവത്തെ വലിയ അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നത്. ഹിന്ദുത്വത്തിൽ ദിവ്യതയുടെ ഛായാരൂപം പ്രധാന ദേവനിലും ദേവിയിലും ഉപദൈവങ്ങളിലുമായി വിന്യസിച്ചിരിക്കുന്നു. അവ എല്ലായ്പോഴും അതിന്റെ ഉണ്മയെ സംബന്ധിച്ച് നിലകൊള്ളാതെ, നമ്മുടെ ഉള്ളിലും ചുറ്റുപാടുമുള്ള ആശയങ്ങളായി കാണ്ടെത്തപ്പെടുന്നു.



സമാണ്.

സമൂലപരിഷ്കരണം എല്ലാ തലങ്ങളിലും വേണമെന്ന് ആഗ്രഹിക്കുന്ന, ഇപ്പോൾ ഇന്ത്യയിൽ ജീവിക്കാത്ത ഹിന്ദുക്കൾപോലും, യോഗയ്ക്ക് ഒരു പ്രാദേശികച്ഛായ നൽകുകയും അതിനെ ധാർമ്മിക മതാചാരപരമായ ഒന്നായും (കൊളോണിയൽ കാഴ്ചപ്പാട്) ഭക്തിപരമായും

കാണാനാണ് താത്പര്യപ്പെടുന്നത്. എന്നാൽ അവർ നാടോടിക്കഥകളിലെ കാമാതുരകളായ യോഗിനികളുടെയും മാന്ത്രികശക്തിയുള്ള യോഗികളുടെ പ്രാധാന്യത്തെയും അവഗണിക്കുന്നു. അവരുടെ ഭയം ഇതാണ്. പടിഞ്ഞാറൻ രാജ്യങ്ങൾ യോഗയെ സാംസ്കാരികമായി വിനിയോഗിക്കുന്നു; പല പടിഞ്ഞാറൻ പണ്ഡിതന്മാരും യോഗയെ അതിന്റെ വേരിൽനിന്ന് മുറിച്ചുമാറ്റാൻ ശ്രമിക്കുന്നു; ആധുനികയോഗ കൂടുതലായും യൂറോപ്യൻ അധിനിവേശകരോടും അമേരിക്കൻ വ്യാപാരസംരംഭകരോടുമാണ് കടപ്പെട്ടിരിക്കുന്നത്; അല്ലാതെ ഇന്ത്യൻ സന്ന്യാസിമാരുമായോ ഹിന്ദു ആചാരങ്ങളുമായോ വിശ്വാസങ്ങളുമായോ അല്ല എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു.

അതുകൊണ്ട് പ്രശ്നങ്ങളും വിവാദങ്ങളും ഒഴിവാക്കുവാനും യോഗയെ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുവാനുമായി, യോഗ അഭ്യസിപ്പിക്കുന്നവർ, യോഗയെ പാരമ്പര്യത്തിൽനിന്ന്–പൈതൃകത്തിൽനിന്ന് മാറ്റിനിർത്തുകയും യോഗയെ ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ടതാക്കുകയും (ജ്ഞാനതലത്തിൽനിന്ന് ഒഴിവാക്കി) മാനസിക–ആത്മീയ തലങ്ങളെ എടുത്തുമാറ്റുകയും ചെയ്യുന്നു. അതിന്റെ ഫലം? ലോകത്തിൽ, യോഗ അഭ്യസിക്കുന്ന വളരെക്കുറച്ചു പേർക്കുമാത്രമേ യോഗയുടെ അടിസ്ഥാനപരമതത്ത്വം എന്താണെന്നും അതിലും വളരെക്കുറച്ചു പേർക്കു മാത്രമേ, 3,000 വർഷങ്ങളോളം പഴക്കമുള്ള യോഗ മിത്തോളജിയെപ്പറ്റിയും അതുമായി ബന്ധപ്പെട്ട ചരിത്രവും ബിംബങ്ങളും ആചാരങ്ങളും എങ്ങനെ ലോകകാഴ്ചപ്പാട് രൂപപ്പെട്ടുവെന്നും അറിയുകയുള്ളൂ എന്ന ഒരു അവസ്ഥ വരുകയും ചെയ്തു.


ധർമ്മം അർത്ഥം കാമം മോക്ഷം

സന്തോഷകരവും അർത്ഥവത്തുമായ ഒരു ജീവിതം നമുക്കെങ്ങനെ സാധ്യമാവും? (പുരുഷ–അർത്ഥം)

പുരാതന ഹിന്ദു ദിവ്യഗ്രന്ഥങ്ങൾ എങ്ങനെ ആ വിധത്തിലുള്ള ഒരു ജീവിതം സാധ്യമാവുമെന്നു പറഞ്ഞുതരുന്നുണ്ട്. ആ ഗ്രന്ഥങ്ങൾ നാല് തൂണുകളെപ്പറ്റി പറയുന്നുണ്ട്–ധർമ്മം, അർത്ഥം, കാമം, മോക്ഷം (ചാതുർവർഗ്ഗം) എന്നിവയാണ് ആ തൂണുകൾ.

- സമൂഹത്തോട് നമ്മൾ പാലിക്കേണ്ട ചുമതലകളാണ് ധർമ്മം.
- നമ്മുടെ നേട്ടങ്ങളും വിജയങ്ങളുമാണ് അർത്ഥം.
- നമ്മുടെ ആഴത്തിലുള്ള സ്നേഹബന്ധങ്ങളും ലൈംഗികതയും വിഷയാസക്തിയുമാണ് കാമം.
- നമ്മുടെ ബന്ധനങ്ങളിൽനിന്നും പ്രാപഞ്ചിക ദുരിതങ്ങളിൽനിന്നുമുള്ള മോചനമാണ് മോക്ഷം.

ധർമ്മാർത്ഥകാമമോക്ഷങ്ങളുടെ ഈ ആശയത്തെ പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ നമ്മൾ സ്വർഗ്ഗത്തിന്റെ രാജാവായ ഇന്ദ്രന്റെ കഥയറിയണം. ഇന്ദ്രൻ ഒരു ദിവസം തന്റെ ശില്പിയായ വിശ്വകർമ്മാവിനെ വിളിച്ച് ദൈവികശ്രേയസ്സുള്ള ഒരു കൊട്ടാരം തനിക്കുവേണ്ടി നിർമ്മിച്ചുതരണമെന്ന് പറയുന്നു. വിശ്വകർമ്മാവ് നിർമ്മിച്ചു കൊടുത്തെങ്കിലും ഇന്ദ്രന് തൃപ്തി തോന്നിയില്ല. വിശ്വകർമ്മാവ് വലുതും പകിട്ടേറിയതുമായ മറ്റൊരു കൊട്ടാരം നിർമ്മിച്ചുകൊടുത്തു. പക്ഷേ, അതും ഇന്ദ്രനെ തൃപ്തിപ്പെടുത്തിയില്ല. വിശ്വകർമ്മാവ് വീണ്ടും വേറൊരു കൊട്ടാരം നിർമ്മിച്ചുകൊടുത്തു. പക്ഷേ, വിശ്വകർമ്മാവിന്റെ ആ സൃഷ്ടിയും തന്റെ അന്തസ്സിനും ആഭിജാത്യത്തിനും പ്രശസ്തിക്കും കീർത്തിക്കും ചേർന്നതായി



ഇന്ദ്രന് തോന്നിയില്ല. ഗത്യന്തരമില്ലാതെ വിശ്വകർമ്മാവ് വിഷ്ണുവിനെ ശരണം പ്രാപിക്കുന്നു. വിഷ്ണു ഒരു കുഞ്ഞിന്റെ രൂപത്തിൽ ഇന്ദ്രന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഇന്ദ്രൻ, ആ കുഞ്ഞിന് വിശ്വകർമ്മാവ് സൃഷ്ടിച്ച പല കൊട്ടാരങ്ങളും കാണിച്ചുകൊടുക്കുന്ന കൂട്ടത്തിൽ തനിക്കുവേണ്ടി പണിത കൊട്ടാരങ്ങളും കാണിച്ചു കൊടുക്കുകയും അവയൊന്നുംതന്നെ തന്റെ കീർത്തിക്ക് ചേരുന്നതല്ലെന്നും പറഞ്ഞു. എല്ലാം കേട്ടശേഷം ബാലന്റെ രൂപമെടുത്ത വിഷ്ണു പറയുന്നു–കെട്ടിടങ്ങളൊക്കെ ഗംഭീരമാണെങ്കിലും അവയൊന്നുംതന്നെ ദേവലോകം ഭരിച്ചിരുന്ന മുൻ ഇന്ദ്രന്മാരുടെയത്ര ഗംഭീരമല്ല.



ഡിസി
UPMARKET fiction

ഓർമ്മകളെ വേട്ടയാടുന്നൊരു കുറിഞ്ഞി പൂക്കാലം

നെൽസൺ തോമസ്

വന്ദ്രണ്ട് വർഷത്തിലൊരിക്കൽ മൂന്നാറിലെ മലനിരകളിൽ വീണ്ടും കുറിഞ്ഞി പൂക്കും. എങ്കിലും എല്ലാ പൂക്കാലങ്ങളും ജീവിതത്തിൽ വസന്തം കൊണ്ടുവരണമെന്നില്ല. ചില ഓർമ്മകൾ മണ്ണിനടിയിൽ ഗാഢനിദ്രയിലാണ്ട് കൃത്യമായ ഋതുവിൽ ഒരു മുന്നറിയിപ്പുമില്ലാതെ വീണ്ടും മുളച്ചുപൊങ്ങും. അത്തരം ഓർമ്മകൾക്ക് പല ഷോഴും പൂക്കളുടെ ഭംഗിയെക്കാൾ മുള്ളുകളുടെ മൂർച്ചയായിരിക്കും. നഷ്ടബോധത്തിന്റെയും സ്നേഹത്തിന്റെയും പഴയ ഓർമ്മകളെ തേടിയാണ് ഗോപാൽ നമ്പ്യാരും കുടുംബവും വർഷങ്ങൾക്കുശേഷം മൂന്നാറിലെ തങ്ങളുടെ പഴയ ബംഗ്ലാവിലേക്ക് മടങ്ങിയെത്തുന്നത്.

നഗരത്തിരക്കുകളിൽനിന്നൊഴിഞ്ഞ ശാന്തതയായിരുന്നു അവിടെ അവർ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ അവരെ അവിടെ വരവേറ്റത് പ്രകൃതിയാണ്; ശാന്തതയ്ക്ക് പകരം ഭീതി നിറയ്ക്കുന്ന നിഗൂഢമായ പ്രകൃതി. എട്ടുവയസ്സുകാരി താരയ്ക്കുമാത്രം കാണാനും കേൾക്കാനും കഴിയുന്ന അജ്ഞാതമായ എന്തോ ഒന്ന് ആ കുന്നുകളിൽ ഒളിഞ്ഞിരിപ്പുണ്ടായിരുന്നു.

അവളുടെ നിഷ്കളങ്കമായ കൗതുകം പതിയെപ്പതിയെ ഭീതിയായി മാറുന്നത് കുടുംബം തിരിച്ചറിയുന്നതിനുമുൻപേ, ആ മലനിരകൾ അവരെ നിരീക്ഷിച്ചുതുടങ്ങിയിരുന്നു. മനുഷ്യർ മറന്നുപോകുന്ന കാര്യങ്ങൾ കാട് ഓർമ്മിച്ചുവെക്കുമെന്നാണ് ഗോപാൽ അതിനെ വിശേഷിപ്പിച്ചത്.

1924-ലെ മഹാപ്രളയത്തിൽ പൂർണ്ണമായും ഒലിച്ചുപോയെന്ന് കരുതിയ കൊളോണിയൽ രഹസ്യവും ലാംഗ്ഫോർഡ് സായിപ്പിന്റെ അഹങ്കാരവും ആ മണ്ണിൽ ഉറങ്ങിക്കിടപ്പുണ്ടായിരുന്നു. കുറിഞ്ഞിപ്പനി എന്ന പേരിൽ ഈ കുറിഞ്ഞിപ്പൂക്കാലം കൂടെക്കൊണ്ടുവന്നത് ആ പഴയ ദുരിതങ്ങളെയാണോ? അതോ പ്രകൃതി അതിന്റെ കണക്കുകൾ തീർക്കുകയാണോ?

രാത്രികളിൽ ബംഗ്ലാവിന്റെ ജനൽച്ചില്ലുകളിൽ പതിയുന്ന അജ്ഞാതരൂപം ആരുടേതാണ്? ഓരോ ദിവസവും ഇരുട്ട് വീഴുമ്പോൾ പഴയ വീടിനുള്ളിൽ ഭീതിയുടെ പുതിയ അധ്യായം ആരംഭിക്കുന്നതെന്തുകൊണ്ടാണ്? പ്രകൃതിതന്നെ പ്രതികാരത്തിനുള്ള ആയുധമായി മാറുന്ന ആ താഴ്വരയിൽ, അമാനുഷികമെന്ന് തോന്നുന്ന സംഭവങ്ങളുടെ ചുരുളഴിക്കാൻ ഗോപാൽ നമ്പ്യാർക്കും കുടുംബത്തിനും കഴിയുമോ? അതോ ആ മലനിരകൾ അവരെയും പൂർണ്ണമായും വിഴുങ്ങുമോ?

ശാസ്ത്രത്തിന്റെയും വിശ്വാസത്തിന്റെയും യുക്തിയുടെയും ഭീതിയുടെയും അതിരുകളിലൂടെ സഞ്ചരിക്കുന്ന ഈ ഉദ്വേഗജനകമായ യാത്രയിലേക്ക് നിങ്ങളെയും സ്വാഗതം ചെയ്യുന്നു. ■



കവിത




കവിതയുടെ ഉപ്പുപാതയിലൂടെ

അൻവർ അലി

ലൈറ്റിട്ട വീടുകൾപോലെയാണ്
രാത്രിപോയ വള്ളങ്ങൾ
കരയെ നോക്കി നിൽക്കുന്നത്
(രാഷ്ട്ര് രാമാനം)

എന്ന് കേരളമെന്ന മലയാഴത്തീരത്തെ ഒരു കവി നിത്യജീവിതക്കാഴ്ചപോലെ എഴുതുന്നത് ആദ്യമായാണ്. ഇതര മലയാളകവികൾ അറബിക്കടലോരത്തു നിന്നുകൊണ്ട് നൂറ്റാണ്ടുകളായി കണ്ടുപോന്നത് 'ഭാരതീപദാവലിയുടെ തിരമാലകൾ തോറ്റുന്ന വാരിധി'യും (എഴുത്തച്ഛൻ) 'ചിന്തയാം കടലും', 'മോഹമാം ജലധി'യും, 'പരിഭീകരസിന്ധു'വും (കുമാരനാശാൻ) ഒക്കെയായിരുന്നു. നമ്മുടെ കാല്പനികതയും ആധുനികതയും കണ്ടതോ, 'അപാരതയുടെ നീലഗംഭീരോദാരച്ഛായ'യാൽ 'അന്തർലോചനം' തുറപ്പിക്കുന്ന 'ദൃപ്തസാഗര' (ജി. ശങ്കരക്കുറുപ്പ്)ത്തിന്റെ അഭൗമ പ്രകൃതിയും 'ഞെക്കിക്കൊലപ്പെടുത്തും മുൻപു പത്നിയെ കെട്ടിപ്പുണരും ദുരന്തപാത്രത്തിന്റെ ചിത്തം കണക്കെക്കിടന്നിരുമ്പുന്ന' (ബാലചന്ദ്രൻ ചുള്ളിക്കാട്) 'സാർവ്വലൗകിക മനുഷ്യാവസ്ഥ'യുടെ അലകടലുകളും.



തന്റെ കൗമാരകാലരചനകളിലൊന്നിൽത്തന്നെ 'കപ്പലിൽ നിൽക്കുന്ന എനിക്ക് / ഹാർബർ അനങ്ങുന്നതായിട്ടേ തോന്നൂ' (ലോഡിങ്) എന്ന സുലളിതമായ കടൽത്തൊഴിലാളി യുക്തികൊണ്ട് നോക്കുകോണി (Point of view) നെ തലതിരിച്ചിട്ട ഡി. അനിൽകുമാർ മൂന്നാം കവിതാസമാഹാരത്തിലെത്തുമ്പോൾ കടൽപ്പരപ്പിന്റെയും കടലാഴത്തിന്റെയും നോക്കുകോണിനെ പുതിയ ജലക്കാഴ്ചകളുടെ കണ്ണിലൂടെ മാറ്റിയെഴുതുന്നു.


വെള്ളത്തിനടിയിൽ കാറ്റ്
അലയ്ക്ക് അകമ്പടിയാകും
വെള്ളത്തിനടിയെന്ന്
നമ്മള് പറയും
വെള്ളത്തിനത് മേളാണ്
(കുഴിയാളി)

കരയിൽനിന്നുള്ള നോക്കുകോണിനൊപ്പം കാവ്യഭാഷ എന്നു നാം വിളിച്ചുപോന്ന മൊഴിമുറകൾ മിക്കവയും ഒഴിവാക്കപ്പെടുകയോ പൊളിച്ചെഴുതപ്പെടുകയോ ചെയ്യുന്നവയാണ് അനിൽകുമാറിന്റെ ചങ്കൊണ്ടോ പറക്കൊണ്ടോ (2016), അവിയങ്കോര (2020), എന്നീ ആദ്യ രണ്ടു

വി.കെ.ജി. സ്മാരക സാഹിത്യപുരസ്കാരം മേഘ്ന കെ.യ്ക്ക്



തൃക്കടീരി കെ.വി. കാർത്തികേയൻ മാസ്റ്റർ സ്മാരക വായനശാല ഏർപ്പെടുത്തിയ വി.കെ.ജി. സ്മാരക സാഹിത്യപുരസ്കാരം മേഘ്ന കെയുടെ ഡി സി ബുക്സ് പ്രസിദ്ധീകരിച്ച *എറാട്ട്* എന്ന നോവലിന്. 10,000 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്.



സമാഹാരങ്ങളിലെയും കവിതകൾ. ആദ്യപുസ്തകത്തിന്റെ ആമുഖത്തിൽ അനിൽ അത് പച്ചയ്ക്ക് പറഞ്ഞുവയ്ക്കുന്നുണ്ട്: 'ഇത് കവിതകളല്ല. കുറേ പള്ളുകളാണ്. ഏലം പോടുന്നതിനിടയിൽ ഒരുത്തൻ ഉരിച്ചത്. മീൻ വിൽക്കുന്നതിനിടയിൽ വേറൊരുത്തി കൊണച്ചത്. പാഠപുസ്തകം തന്ന ഉദാത്തമായ ഭാഷ പൊള്ളയാണെന്ന തിരിച്ചറിവാണ് പള്ളുകളിലേക്കും മരവിപ്പുകളിലേക്കും തിരിയാൻ എന്നെ പ്രേരിപ്പിച്ചത്' (ചങ്കൊണ്ടോ പറക്കൊണ്ടോ–പു. 8). എന്നാൽ 'രാവൽ' എന്ന മൂന്നാം സമാഹാരത്തിലെത്തുമ്പോൾ അനിലിന്റെ വിധ്വംസകമൊഴി തമിഴകദ്രാവിഡത്തിന്റെ ചില പൊതുതുറസ്സുകളിലേക്കും മാനകമലയാളത്തിന്റെ പുതുഭംഗികളിലേക്കുമെല്ലാം ബഹുശാഖിയായി വളരുന്നതു കാണാം.

വിച്ഛേദത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അളവറ്റ ഊർജ്ജം ഈ കാവ്യപ്രതിഭയിലേക്ക് ആവാഹിക്കപ്പെട്ടത് എങ്ങനെയാവാം?

അനിലിന്റെ അത്ഭുതലോകം

അനിലിന്റെ മൊഴിയുലകം ഒരേസമയം കിനാവും യാഥാർത്ഥ്യവുമാണ്. ആദ്യകാലകവിതകൾ മുതലേ അതിൽ മിത്തിക്കൽ ആയ ഒരു തീരദേശ മായാലോകവും യഥാർത്ഥജീവിതം തൂറാനും പെടുക്കാനുമിരിക്കുന്ന ഒരു കടപ്പുറവും ഒന്നിച്ചു പുലരുന്നുണ്ട്. ആലീസിന്റെ അത്ഭുതലോകംപോലെ അനിലിന്റെ അത്ഭുതലോകം എന്നു വിളിക്കാവുന്ന ആ മൊഴിപ്പരപ്പിൽ, 'വാളുവേഗത്തിൽ / യാത്ര ചോദിക്കുന്ന റാളുകളുണ്ട് /പകലെണ്ണിത്തീരാത്ത / ചാക്കാണിയുണ്ട് / മലർന്ന സുന്ദരി മണങ്കുണ്ട് / മഷികുലുക്കിപ്പക്ഷി / കണവയുണ്ട്' (കടൽശംഖ്). പക്ഷേ, അതേ 'കടപ്പുറത്തിന്റെ അപ്പുറവും ഇപ്പുറവും ഇരുന്നാണ്' ഞാനും നീയും തൂറുന്നത്. 'നീ പെരട്ടം കഴുകുന്നത് / പാറകൾക്കിടയിലെ / വെള്ളത്തിലും / ഞാൻ കഴുകുന്നത് / തിരയടിക്കുന്നിടത്തുമാണ്... / ... എന്റെ പെരട്ടം കണ്ടതായി / നീയോ / നിന്റെ പെരട്ടം കണ്ടതായി / ഞാനോ / മിണ്ടിയിട്ടില്ല'. കടലാഴത്തിലുമുണ്ട് മായയും ഉണ്മയും. താഴേക്കൂളിയിട്ട് വിളഞ്ഞ ചിപ്പിക്കുമ്പാരമറുത്തു നിവരുംനേരം 'സൂക്ഷിച്ചു നോക്കിയാൽ / ചിപ്പിയിൽ കാണാം / ചിപ്പിയെടുത്ത് മറയുന്നൊ/രാൾരൂപം' (ചിപ്പി). അതേ ആഴത്തിൽ നൂറ്റാണ്ടുമുമ്പ് താണുപോയ പറങ്കിക്കപ്പലും അതിലഴിഞ്ഞ ഒടലും വെള്ളം കക്കുന്ന ഇരുമ്പുമണവുമുണ്ട് (പാര്). ഓഖിപ്പെരുങ്കാറ്റിൽ മരിച്ചവർ പെണമായോ പ്രേതമായോ കടലിനടിത്തട്ടിൽ ഒഴുകിനടക്കുന്നുണ്ട് (കാറ്റ് കൊണ്ടുപോയവർ).

ആദ്യകാലം തൊട്ടേ അനിലിന്റെ ദൃശ്യ–യാഥാർത്ഥ്യ ചിത്രണങ്ങൾ പലതും ആനിമേഷനുകളിലെന്നോണം മായികമായി പരിണമിക്കുന്നവയാണ്. ചിലപ്പോൾ 'കുട്ടികൾ തൊഴ പിടിച്ചും മടിവളച്ചും കടലാ'വുകയും 'കടൽ ചൂര പാഞ്ഞേന്ന് ലേലംവിളിച്ച് മീനാ'വുകയും മീൻ വൈകുന്നേരങ്ങളിൽ 'ഓരിയാൻ' അഥവാ കടപ്പുറത്തെ മൂത്ത കുടിയനായി പള്ളുരിക്കുകയും (ഓരിയാൻ) ചെയ്യുന്നു. മറ്റു ചിലപ്പോൾ വീട്ടുനടയത്ത് തൊട്ടുകളിക്കാനായി മകൾ വരച്ചിട്ട ചതുരം, പുലർച്ചെ തിരയിൽ മരം തള്ളുന്നവന്റെ തലച്ചോറിലിരുന്ന് ഒച്ചവയ്ക്കും; കടൽനീലയിലെത്തുമ്പോൾ മക്കൾ തലച്ചോറീന്ന് വിരിഞ്ഞ വലകളിലേക്കിറങ്ങി 'ഏക്കരി'ൽ ചതുരം വരയ്ക്കും (കൊടുവാമീൻ). കടപ്പുറം വെളുക്കുമ്പോൾ 'ചരുവം കമിഴ്ത്തി ചന്തിയുറഷിച്ച മീൻകാരിപ്പെണ്ണുങ്ങൾ' സൂര്യൻ കറുക്കുമ്പോൾ വള്ളം തള്ളി കടലിലിട്ട് തണ്ടും ചൂണ്ടയുമേന്തി കടൽ കടന്നേ പോകും, മീങ്കൊയ്യാൻ (കടലെറങ്കണ പെണ്ണ്ങ്കോ). ഒരോർമ്മയുടെ തിരയിരമ്പത്തിനൊടുവിൽ പൊടുന്നനെ 'വീടകം കടലാ'വും. അമ്മ ചങ്കും അപ്പൻ പറക്കും (കൊമ്പൻസ്രാവിന്റെ ചിറകുണക്കിയത്) 'ഞാൻ' കടൽക്കുതിരയുമായി മാറും (ചങ്കൊണ്ടോ പറക്കൊണ്ടോ). *കടൽക്കാക്ക, അവിയങ്കോര, ചേട്ടത്തി, അമ്മേടപ്പൻ* തുടങ്ങി ആദ്യസമാഹാരങ്ങളിലെ നിരവധി കവിതകൾ പച്ചപ്പരമാർത്ഥത്തിൽനിന്ന് മായക്കിനാവിലേക്കുള്ള പകർച്ചയാണ്. അവയിൽ ചിലതിൽ മരിച്ചവരുടെ ആത്മാക്കൾ ഒരു മായികാഭിചാരത്തിലെന്നോണം ഇതരജൈവരൂപങ്ങളായി–അപ്പൻ പക്കിയായും (അവിയങ്കോര) കട്ടമരം കമഴ്ന്ന് ചത്തവൻ കടൽക്കാക്ക (കടൽക്കാക്ക)യായും–പരിണമിക്കുകയുമാണ്. ■

കവിത



പ്രസന്നസീത

പി. രാമൻ

ആർദ്രയുടെ ഈ കവിതകളിലൊന്നിൽ കുട്ടിമഴപ്പെരുമാറ്റം എന്നൊരു പ്രയോഗമുണ്ട്. മഴയെയും മഴ നനയുന്ന ഉടലിനെയും മണ്ണിനെയുംകുറിച്ചാണ് ആ കവിത. മഴയും ഉടലും മണ്ണും മാത്രമല്ല, കുട്ടിത്തവും മുതിർച്ചയുമെല്ലാം ഇടകലർന്നു കിടക്കുന്ന അനുഭവം തരുന്ന കവിതയുടെ സ്വഭാവത്തെ സൂചിപ്പിക്കാൻ പോന്നതാണ് ആ പ്രയോഗം. അനുഭവങ്ങൾ മനസ്സിൽ വീണലിഞ്ഞുണ്ടാകുന്ന അമൂർത്തഭാവത്തെ ഭാഷപ്പെടുത്താനുള്ള നിരന്തര ശ്രമമാണ് ആർദ്രയുടെ കവിതയുടെ ഒരു പ്രധാന സവിശേഷത. മൂന്നു പ്രക്രിയകൾ ഇതിലുണ്ട്. അനുഭവങ്ങൾ മനസ്സിൽ വീണലിയലാണ് ആദ്യത്തേത്. തുടർന്നുണ്ടാകുന്ന അമൂർത്തഭാവമാണ് അടുത്തത്. അതിനെ ഭാഷപ്പെടുത്തലാണ് മൂന്നാം ഘട്ടം. ഈ സമാഹാരത്തിലെ ഏതു കവിത ഉദാഹരിച്ചാലും ഈ ക്രമം ശ്രദ്ധയിൽ പെടാതിരിക്കില്ല.

മനുഷ്യബന്ധങ്ങളിൽനിന്ന് ഊറിക്കൂടുന്നതാണ് കവിയുടെ അനുഭവലോകം. അമ്മയും സുഹൃത്തും സഹോദരിയും കാമുകനും പങ്കാളിയുമെല്ലാം പല കവിതകളിലായി കൂടെയുണ്ട്. പശ്ചാത്തലത്തിൽ പുഴയായും കാടായും ആകാശമായും കാറ്റായും പ്രകൃതിയുണ്ട്. ഇരുന്നു സ്വപ്നം കാണുകയും കിടന്നു വിശ്രമിക്കുകയും ചെയ്യുന്ന മുറിയും ഇറങ്ങിപ്പെരുമാറേണ്ട നാഗരികലോകവുമുണ്ട്. ഇവയോടെല്ലാമുള്ള ഇടകലർച്ചയിൽനിന്നു വന്നു നിറയുന്നതാണ് ഈ കവിതകളിലെ അനുഭവലോകം. ഓർമ്മയിൽ പൂത്തത് എന്ന കവിതയിലെപ്പോലെ സങ്കീർണ്ണമാണ് പല ഇടകലർച്ചകളും. പഴയൊരു സ്നേഹം ഏല്പിച്ച മുറിപ്പാടിന്റെ നീറ്റൽ ഭാഷയാവുകയാണ് ആ കവിതയിൽ. മൂടൽമഞ്ഞുപോലെ എങ്ങും നിറഞ്ഞുനിൽക്കുന്ന അമൂർത്ത വേദനയെക്കുറിച്ചാണ് കവി പറയുന്നത്. തന്നെ സ്നേഹിച്ചവൻ ഇപ്പോൾ മറ്റൊരുവൾക്കൊപ്പമാണ്. തന്റെ സ്നേഹമുദ്രകൾ അവനിൽ ഇപ്പോഴും വാടാതെയുണ്ടായിരിക്കുമോ?



എൻ നനവാലാ മെയ്യിൽ വിരിച്ച
പുൽപ്പടർപ്പുകൾ വള്ളികൾ
പൂക്കൾ

വല്ലതും കൊഴിയാതെ നില്പുണ്ടോ
നിൻ കഴുത്തിൽ കണങ്കാലിലേറെ-
യുമ്മ വെച്ച ചെവിതൻ മറവിൽ.

സ്നേഹമുദ്രകളെ മൂടൽമഞ്ഞുപോലെ അമൂർത്തമാക്കുകയാണ് കാവ്യഭാഷ ഇവിടെ. പരമാവധി മൂർത്തമാക്കാനാണ് പൊതുവേ നാമെല്ലാം ഭാഷ ഉപയോഗിക്കാറ്. കാവ്യഭാഷയുടെ ആ ലക്ഷ്യത്തെ അട്ടിമറിച്ചുകൊണ്ട് അനുഭവങ്ങളുടെ ആഘാതങ്ങളെ പരമാവധി അമൂർത്തമാക്കാനാണ് ആർദ്ര കാവ്യഭാഷയെ ഉപയോഗിക്കുന്നത്. ഈ വ്യത്യാസം സ്വാഭാവികമായും വായനക്കാരിൽ ഒരു അപരിചിതത്വം ഉണ്ടാക്കും. ആ അപരിചിതത്വത്തെ അപരിചിതഭംഗിയാക്കി മാറ്റാൻ കഴിയുന്നു എന്നതാണ് ഈ കവികളുടെ മേന്മ.

വാരിവാരിയെടുത്ത കടലല
നിന്റെ മേശമേൽ, ഞാൻ വെച്ച മാതിരി

എന്ന് ഇതേ കവിതയുടെ തുടക്കത്തിലെ വരിയുണ്ടാക്കുന്ന അപരിചിതഭംഗി ഒരുദാഹരണം. എനിക്കും നിനക്കുമിടയിലെ അനുഭവലോകത്തെ വാരിവാരിയെടുത്ത കടലല എന്ന അമൂർത്ത ബിംബത്തിൽ ഒതുക്കുകയാണ് ഇവിടെ. കടലലകൾ വാരിയെടുക്കുക എന്നതുതന്നെ അമൂർത്തവും അപരിചിതവുമായ ഭാവന. അവ നിന്റെ മേശമേൽ നിരത്തിവയ്ക്കൽ അതിലേറെ അമൂർത്തവും അപരിചിതവും.

മുറിയിൽ കിടന്നു കാണുന്ന ലോകത്തെക്കുറിച്ചുള്ള കവിത (കിടന്നു കാണുംപടി) അവസാനിക്കുന്നത് പുറമേക്കു നടന്നുമറയലിലാണ്. അനുഭവത്തിന്റെ തുടർച്ച അമൂർത്തതയും അമൂർത്തതയുടെ തുടർച്ച മറയലുമാണെന്ന് ഈ കവിതകൾ പറയുന്നു.

ജലവും കാറ്റും ആകാശവും ആർദ്രയുടെ കാവ്യലോകത്ത് സുപ്രധാനമാകുന്നു. മൂടൽമഞ്ഞ് ജലത്തിന്റെ മറ്റൊരു രൂപംതന്നെ. ഇളകിമറിയുന്ന ദ്രവത്വം ഈ കവിതകളിലുടനീളം ഒരു ഭാഷാനുഭവമായിത്തന്നെയുണ്ട്. ആകാശം ഈ കവിക്ക് നനവിണ്ണാകുന്നു. ആകാശത്തെ ഇരുട്ട് ഒഴുകിയൊലിക്കുന്ന ഇരുളും. ആ കവിതയുടെ പേരുതന്നെ ഇരുൾജലം എന്നാണ്. ഇരുട്ടത്ത് തനിച്ചിരിക്കുന്ന അനുഭവമാണ് ഈ കവിതയിൽ ദ്രവത്വത്തിലൂടെ അമൂർത്തമായിത്തീരുന്നത്.

ഒരു കുഞ്ഞിൻ തൊടൽപോൽ, മഴ തൻ
നിഴൽ പോൽ, മണ്ണിൽ, മരത്തിൽ, പുല്ലിൽ
കലരുന്നൂ കുറുകിക്കുറുകി–
ക്കടുനീലം, നീ ജലമായെന്നോ?

നീ എന്നു വിളിക്കുന്നത് തന്നെത്തന്നെയാണ്. താൻ ജലമായി ഒഴുകിനിറയുന്ന അനുഭവത്തെ അല്പം മാറി നിന്നു നോക്കുമ്പോഴാണ് ഞാൻ, നീയായി മാറുന്നത്. വെള്ളംകൊണ്ടും വായുകൊണ്ടും ആകാശംകൊണ്ടും കുതിർത്ത ഭാഷ ഒഴുകിനിറയുന്ന അമൂർത്തഭാവത്തെ സൃഷ്ടിക്കുന്നതിന്റെ ഭംഗിയാണ് ആർദ്രയുടെ കവിതകളിൽ ഞാനനുഭവിച്ച മൗലികത.

തികയാത്ത സമയത്തെപ്പറ്റി ഒരു കവിതയുണ്ട് ഈ സമാഹാരത്തിൽ (*തികയാ സമയം*). സമയം ഒന്നിനും തികയുന്നില്ല എന്നു പറഞ്ഞു തുടങ്ങുന്ന ആ കവിത പിന്നീട് സമയം ഒന്നിലും ഒതുങ്ങി നിൽക്കുന്നില്ല എന്ന് പരക്കുകയാണ്. ഒതുക്കം ഒഴുക്കാക്കി മാറ്റുന്നു സമയം. കൈയിൽ തങ്ങാതവിടെയുമിവിടെയുമരികിലുമകലെയുമെല്ലാം ചിതറിപ്പോവുകയാണത്, എഴുതാൻ കഴിയാത്ത കവിതപോലെ.


തികയുന്നില്ലാ തിരിയുന്നില്ലാ
പറവാനുതകുന്നില്ല
ഒരു ശ്വാസത്തിൽ പല നിമിഷം പോം
ഒരു തിരിവിൽ പല മറവും
കുനിയും നേരം കീശയിൽനിന്നും
മണിമണിയായിച്ചിതറും

തികയാത്തതിന്റെ ദുഃഖമല്ല, ഒതുങ്ങായ്കയുടെ ആനന്ദമാണ് ഈ കവിത തരുന്നത്. പുസ്തകം വായിക്കുന്ന അമ്മയെക്കുറിച്ചുള്ള കവിത, അമ്മ അമ്മയിലൊതുങ്ങാതെ ആ നേരത്ത് അകലെയകലെ എവിടേക്കോ മായുന്നതിനെക്കുറിച്ചുള്ള കവിതയാണ് (*അമ്മ*). അമ്മ മാത്രമല്ല മകളുമതെ, ഓരോ കിളിയുടെ കൂറ്റിലുമവളുടെ കൂറ്റു കൊരുത്ത്, അമ്മയുടെ മേനിയിൽനിന്നു പിരിഞ്ഞ് ആനന്ദച്ചുടുകണ്ണീർ വീഴ്ത്തി മറഞ്ഞവളാണ്. ഓരോ നാട്ടിലുമുണ്ട് ഇന്നവൾ (*മകൾ*). കിളിയായി ഒഴുകുന്നത് വാസ്തവത്തിൽ ഒരു കൂടാണ് എന്ന് *അകത്താര് പുറത്താര്* എന്ന കവിത. കൂട്, കിളി, ഒഴുക്ക് എന്നിവകൊണ്ടുള്ള ഒരു ധ്യാനാത്മക നൃത്തമായിരിക്കുന്നു ആ കവിത. ഒതുങ്ങൽ ഭയമാണെന്ന് *ഉറുമ്പുകൾ* എന്ന കവിത നിരീക്ഷിക്കുന്നു. സ്വന്തം ജീവിതത്തിലേക്കുള്ള ഒതുങ്ങൽ ഭയമാണ്.

എനിക്കുണ്ട് പെരും പേടി
തൊടുന്നത് പൊടിയായി
ഇരിപ്പിടമാവിയായി
കഴിപ്പിടം ഇരുളായി
കിടപ്പിടം കൂർത്ത വെട്ടം
കിനിയുന്നൊരകമായി
ഭയത്തിൻ ഈറ്റില്ലമായി
വയറിനെയറിയുന്നേൻ.

■

നോവൽ



SEDORA

അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ വെല്ലുവിളികൾ പകർത്തിയ ക്രൈം ത്രില്ലർ

ബിനോയ് സ്റ്റീഫൻ

തുടക്കംമുതൽ ഒടുക്കംവരെ ആകാംക്ഷ നിറച്ചൊരു വായനാനുഭവമാണ് *ഓഫ് ദ റെക്കോർഡ്*. പതിവ് ക്രൈം ഇൻവെസ്റ്റിഗേഷൻ മാതൃകകൾ പിൻപറ്റിയ രചനയാണെങ്കിലും വായനക്കാരനെ പിടിച്ചിരുത്തുന്ന ആഖ്യാനശൈലി.

കഥയുടെ കേന്ദ്രബിന്ദുവായ ജീനയുടെ കഥാപാത്ര സൃഷ്ടി മികച്ചതായിരുന്നു. 'പത്രക്കാരിയിലേക്കുള്ള തെല്ല് പത്രാസുള്ളൊരു യാത്ര' മികവുറ്റ രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നു. കേന്ദ്രകഥാപാത്രത്തിന്റെ ചുറ്റുപാടുകളെയും ചുറ്റിലുള്ള മനുഷ്യരെയും വളരെ അവധാനതയോടെ വളർത്തിയെടുക്കുകയാണ് എഴുത്തുകാരൻ. വാർഷുമാതൃകകൾ പിൻപറ്റിയൊരു സീരിയൽ കില്ലർ സംഭവത്തെ കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ അഭിമുഖീകരിക്കുന്ന ജീനയും ആനന്ദും, ആദ്യ പകുതിയിലെ ക്രൈസിസ് മാനേജ് ചെയ്യപ്പെട്ട ശേഷം കഥ ഏതാനും വർഷങ്ങൾ മുന്നിലേക്ക് കുതിക്കുകയാണ്. ആദ്യ പകുതിയിൽ കഥാപാത്രങ്ങളുടെ അന്വേഷണതത്പരതയും, അതിലവർക്കുള്ള മികവും സംശയലേശമെന്യേ വെളിവാക്കിയ ശേഷം, രണ്ടാം പകുതിയിൽ അവർക്ക് മുന്നിലേക്ക് റിയൽ ക്രൈസിസ് വെച്ചുനീട്ടുന്ന രചനാശൈലി ഇഷ്ടമായി.




ഉദ്വേഗജനകമായ ഒരുപാട് മുഹൂർത്തങ്ങളാണ് രണ്ടാം പകുതിയിൽ മുഴുവനും.

നമ്മുടെ സാമൂഹിക പശ്ചാത്തലത്തിൽ അന്തർലീനമായ ജാതീയതയുടെയും ദുരഭിമാനത്തിന്റെയും ദുർമുഖം മികവുറ്റ രീതിയിൽ ചിത്രീകരിക്കുവാൻ എഴുത്തുകാരൻ പരമാവധി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. രണ്ടാം പകുതിയിൽ കടന്നുവരുന്ന പുതിയ മനുഷ്യരുടെ ആത്മസംഘർഷങ്ങൾ വെളിവാക്കുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. അവസാന ഭാഗത്തേക്ക് കഥ വികസിക്കവേ, സാധ്യമായ ചില കൂട്ടിച്ചേർക്കലുകൾകൂടി നടത്തിയിരുന്നുവെങ്കിൽ, കഥാപാത്രങ്ങൾ തമ്മിലെ ഇഴയടുപ്പം വായനക്കാരന് കുറച്ചുകൂടി അനുഭവേദ്യമായേനെ. എങ്കിലും ആ ഭാഗങ്ങളിൽ, അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ വെല്ലുവിളികൾ മിഴിവോടെ പകർത്തിയതായി കണ്ടു. ഒടുവിൽ ഒരു പുസ്തകത്തിന്റെ തുടർച്ചയുള്ള തിരി തെളിയിച്ചുകൊണ്ട് കഥ അവസാനിക്കുകയാണ്.

മികച്ചൊരു വായനാനുഭവമാണ് ഈ പുസ്തകം പകർന്നുതന്നത്. പ്രിയപ്പെട്ട അഭിനന്ദിന്റെ എഴുത്തിലെ ആദ്യ കാൽവയ്പ് എന്ന നിലയിൽ അഭിമാനിക്കാവുന്ന സൃഷ്ടിതന്നെയാണ് *ഓഫ് ദ റെക്കോർഡ്*. ■

നോവൽ



SEDORA

വായനക്കാരന്റെ തീരുമാനങ്ങൾക്കനുസരിച്ച് കഥാഗതി നിർണയിക്കുന്ന നോവൽ

സജിത്ത് ആർ.

ഇത് ജാങ്കോയുടെ കഥയാണ്. പിലാത്തോസ് കവലയിലെ ഒരു അസാധാരണ സംഭവത്തിന്റെ മൂലകാരണക്കാരനായി മാറുന്ന ജാങ്കോയും അതിനെത്തുടർന്ന് അയാൾ ചെന്നുപെടുന്ന ഊരാക്കുടുക്കുകളും അപ്രതീക്ഷിത പ്രതിസന്ധികളുമാണ് ഈ കഥയുടെ ഇതിവൃത്തം. ഓരോ സംഭവവും പുതിയൊരു വഴിത്തിരിവിലേക്കും ഓരോ വഴിത്തിരിവും കൂടുതൽ സങ്കീർണമായ സാഹചര്യങ്ങളിലേക്കും ജാങ്കോയെ കൊണ്ടെത്തിക്കുന്നു.

ഒരു ദിവസം നേരം പുലർന്നപ്പോൾ പിലാത്തോസ് കവലയിലെ ഗാന്ധിപ്രതിമയുടെ തലയിൽ ഒരു റിബ്ബൺ കെട്ടിവെച്ചിരിക്കുന്നതും ഗാന്ധിജിയെ ഒരു നൈറ്റി ധരിപ്പിച്ചിരിക്കുന്നതുമാണ് നാട്ടുകാർ കാണുന്നത്. സ്വാഭാവികമായും പ്രദേശവാസികൾക്കിടയിൽ വലിയ പ്രതിഷേധവും രോഷവും ഉയരുന്നു. സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് നാട്ടുകാർ പോലീസിൽ വിവരമറിയിക്കുന്നു. സോമൻ പോലീസ് അന്വേഷണം ആരംഭിക്കുന്നതോടെ സംഭവത്തിന് പിന്നിലെ ദുരൂഹതകൾ ഓരോന്നായി പുറത്തുവരാൻ തുടങ്ങുന്നു.



ഗാന്ധിപ്രതിമയെ അണിയിച്ച നൈറ്റി കവലയിൽ പുതുതായി ആരംഭിക്കാനിരിക്കുന്ന ഒരു കടയിൽനിന്നാണ് വാങ്ങിയതെന്ന് അന്വേഷണത്തിൽ വ്യക്തമാകുന്നു. ഇതോടെ സംശയത്തിന്റെ മുന പുതിയ കടയുടെ ഉടമയിലേക്ക് നീളുന്നു. പ്രകോപിതരായ നാട്ടുകാർ കട ആക്രമിക്കുകയും അടിച്ചുതകർക്കുകയും ചെയ്യുന്നു. എന്നാൽ ഈ സംഭവങ്ങൾക്കിടയിലാണ് പോലീസിന് ജാങ്കോയെക്കുറിച്ചുള്ള നിർണായകമായ ചില വിവരങ്ങൾ ലഭിക്കുന്നത്.

കഴിഞ്ഞ രാത്രിയിൽ ജാങ്കോ കടയിലെത്തിയിരുന്നുവെന്നും കടയുടെ ഉദ്ഘാടനത്തിന് ആളുകളെ എത്തിക്കാൻ തന്റെ കൈയിൽ വ്യക്തമായ പദ്ധതിയുണ്ടെന്നും കടയുടമയോട് പറഞ്ഞിരുന്നുവെന്നും അന്വേഷണത്തിൽ തെളിയുന്നു. അതിനായി ആയിരം രൂപ നൽകിയാൽ പിറ്റേന്നുതന്നെ ആളുകളെ എത്തിച്ചുതരാമെന്ന വാഗ്ദാനവും ജാങ്കോ നൽകിയിരുന്നു. ഇതോടെ അന്വേഷണത്തിന്റെ ദിശ മാറുന്നു. ഒടുവിൽ ജാങ്കോയുടെ വീട്ടിൽനിന്ന് തൊണ്ടിമുതലും ദൃക്സാക്ഷികളുമടക്കം തെളിവുകൾ ശേഖരിച്ച് പോലീസ് അയാളെ അറസ്റ്റ് ചെയ്യുന്നു.

ജാങ്കോ ആരാണെന്ന ചോദ്യത്തിന് നാട്ടുകാർക്ക് വ്യക്തമായ ഒരു ഉത്തരമുണ്ട്. നാട്ടിലെ നല്ല അധ്യാപകനായിരുന്ന പൗലോസ് സാറിന്റെ മകനാണ് അയാൾ. ■


നോവൽ



ബട്ടർ: രുചിയുടെയും നിഗൂഢതയുടെയും ഒരു ജാപ്പനീസ് വിരുന്ന്

അസക്കോ യുസുക്കി

വിളറിയ തവിട്ടുചായമണിഞ്ഞ് നിൽക്കുന്ന ഉയരം കൂടിയ ഇടുങ്ങിയ വീടുകളുടെ ഒരു നീണ്ട നിര, പതിയെ ഉയരുന്ന ഒരു കുന്നിൻചെരുവു ചേർന്ന് മുകളിലേക്ക് കണ്ണെത്താ ദൂരത്തോളം അതങ്ങനെ കയറിക്കയറിപ്പോവുകയാണ്. നല്ല നിലയിൽ പരിപാലിക്കപ്പെട്ട ഈ പാർപ്പിടപ്രദേശത്തിന്റെ ഏതു ഭാഗവും നിസ്സീമമായൊരു ഏകതാന ദൃശ്യാനുഭൂതിയാണ് ഉണർത്തുക, അതിനാൽ റിക്ക മച്ചിദയ്ക്ക് താൻ ഒരേ ഇടത്തുതന്നെ വട്ടം കറങ്ങി നടക്കുകയാണെന്ന തോന്നലുണ്ടാകാൻ തുടങ്ങി. അപ്പോഴേക്കും ഐസുപോലെ തണുത്തു മരവിച്ചുപോയ അവളുടെ വലതു കൈവിരലിലെ നഖാഗ്രചർമ്മം അടർന്നു തള്ളിനിൽക്കാൻ തുടങ്ങിയിരുന്നു.



ഇന്നിത് ആദ്യമായാണ് അവൾ ഡെൻ-എൻ-തോഷി കമ്മ്യൂട്ടർ ലൈൻ വഴി ഈ സ്റ്റേഷനിൽ വന്നിറങ്ങുന്നത്. ഒരു കാറ് സ്വന്തമായുള്ള കുടുംബങ്ങൾക്കുവേണ്ടി രൂപകല്പന ചെയ്യപ്പെട്ടവയായതുകൊണ്ടായിരിക്കണം, കുഞ്ഞുങ്ങളെ വളർത്താൻ ഏറ്റവും ഉചിതമായ ഇടമായി പൊതുവേ കരുതിപ്പോരുന്ന ഈ ഇടത്തരം പട്ടണത്തിന്റെ തെരുവീഥികൾ അസാധാരണമാംവിധം വിശാലമായിരുന്നു. സ്മാർട്ട്ഫോണിലെ മാപ്പ് ഉപയോഗിച്ച് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയായിരുന്ന റിക്ക, റെയിൽവേസ്റ്റേഷനു ചുറ്റുമുള്ള പ്രദേശത്തുകൂടി ഏതൊക്കെയോ വഴി കയറിയും ഇറങ്ങിയും താൻ അലഞ്ഞുതിരിഞ്ഞൊരു പോക്കാണ് താനീ പോയിക്കൊണ്ടിരിക്കുന്നത് എന്ന് തിരിച്ചറിഞ്ഞു. എങ്ങോട്ടു നോക്കിയാലും വൈകിട്ടത്തേക്ക് കഴിക്കാനുണ്ടാക്കാൻ വേണ്ടുന്ന സാധനങ്ങൾ വാങ്ങാനെത്തിയ വീട്ടമ്മമാരാണ്. ഇങ്ങനെ ഒരിടത്താണു റെയ്കോ സ്ഥിരതാമസമാക്കിയിരിക്കുന്നതെന്ന വസ്തുത ഉൾക്കൊള്ളാൻ ഇപ്പോഴും അവളെക്കൊണ്ടാവുന്നില്ല. എവിടെ

നോക്കിയാലും മാസ്സ് റീട്ടെയിലർ കടകളും ഫാമിലി റെസ്റ്റോറന്റുകളും ഡി വി ഡി വാടകക്കടകളും മാത്രമുള്ള ഒരു സ്ഥലം–കാലഷഴക്കത്തിന്റെ ലക്ഷണം പേറുന്ന ഒറ്റയൊരു പുസ്തകക്കട പോയിട്ട്, സത്യം പറഞ്ഞാൽ, കോർഷറേഷൻ ഉടമസ്ഥതയിലല്ലാതെ ഏതെങ്കിലും ഒരു മനുഷ്യനു സ്വന്തമായി ഉള്ള ഒരു കടപോലും അതുവഴി നടക്കുന്നതിനിടയിൽ അവളുടെ കണ്ണിൽപ്പെട്ടില്ല. സംസ്കാരത്തിന്റെയോ ചരിത്രത്തിന്റെയോ നേർത്ത ഗന്ധമെങ്കിലും പേറുന്ന ഒരു തരിമ്പും അവിടെയെങ്ങുമുണ്ടായിരുന്നില്ല.


ഒരു കൊച്ചുപയ്യനുമായി ബന്ധപ്പെട്ട ക്രൈമിനെക്കുറിച്ച് അവൾ കവർ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഫീച്ചറിനുവേണ്ടി കൂടുതൽ വിവരങ്ങൾ ശേഖരിക്കാനായി കഴിഞ്ഞയാഴ്ച തെക്കൻ ദ്വീപായ ക്യൂഷൂവിലുള്ള ഒരു പട്ടണത്തിലേക്ക് പകൽനേരത്ത് ഒരു യാത്ര പോയിരുന്നു അവൾ. വീടുകളുടെയും അപ്പാർട്ട്മെന്റ് കെട്ടിടങ്ങളുടെയും ഒരു മഹാസമുദ്രംപോലെയായിരുന്നു ആ പട്ടണം. അതിനിടയിൽ വിഘ്നം സൃഷ്ടിച്ച് കയറി നിൽക്കുന്ന ഒറ്റയും തെറ്റയും പ്രാദേശിക സൂപ്പർമാർക്കറ്റുകളും ട്യൂഷൻസെന്റർ ബോർഡുകളും–പൂർണ്ണമായും ഒരു താമസമേഖല. ടോക്കിയോയിൽ വച്ച് ഒരിക്കലും അവളുടെ കണ്ണിൽപ്പെടാൻ ഇടയില്ലാത്തത്ര ഇറക്കമുള്ള പാവാടകൾ ധരിച്ച് നടക്കുന്ന ഏതാനും ഹൈസ്കൂൾ പെൺകൊടികൾക്ക് അരികിലൂടെയാണ് അന്നവൾ നടന്നുപോയത്. ജോലിയാവശ്യാർഥമല്ലാതെ താൻ ഒരിക്കലും സന്ദർശിക്കാൻ ഇടയില്ലാത്ത ആ ഇടത്തിലൂടെ ഒറ്റയ്ക്ക് നടക്കുമ്പോൾ റിക്കയ്ക്ക് തന്റെ അസ്തിത്വം തന്നിൽനിന്നും അകന്നകന്നു പോകുന്നപോലെ തോന്നിയിരുന്നു, അവളുടെ മുഴുവൻ സ്വത്വവും മുഴുജീവിതവും മായ്ച്ചുകളയപ്പെടുകയാണെന്നപോലെ.

കുറഞ്ഞപക്ഷം ഇവിടെ, ഈ നഗരത്തിലെങ്കിലും അവളെ സ്വീകരിക്കാൻ കാത്തുനിൽക്കുന്ന ഒരിടമുണ്ടല്ലോ, തന്റെ ആത്മബോധത്തെ തിരിച്ചു കരയ്ക്കടിപ്പിക്കാനുള്ള ശ്രമമെന്നോണം റിക്ക സ്വയം പറഞ്ഞു. എന്നിട്ട്, ഇതു തന്റെ ഒടുക്കത്തെ പരിശ്രമമായിരിക്കും എന്നു മനസ്സിലുറപ്പിച്ചുകൊണ്ട് അവൾ സമീപത്തുള്ള ഒരു കടയ്ക്കകത്തേക്ക് കാലെടുത്തു വച്ചു. അപ്പോൾ, സൂപ്പർമാർക്കറ്റുകൾക്ക് മാത്രം സ്വന്തമായ തണുത്ത ആഷിളുകളുടെയും നനഞ്ഞ കാർഡ്ബോർഡുകളുടെയും ഒരപൂർവ്വഗന്ധം അവളെ മെല്ലെ വന്നു പൊതിഞ്ഞു. ആ സൂപ്പർമാർക്കറ്റിനകത്ത് തറയിൽ ഒരിടത്തു വച്ചിട്ടുള്ള ഒരു സ്റ്റാൻഡിനരികിൽ നിന്ന് ഒരു മധ്യവയസ്ക ഹോട്ട്പ്ലേറ്റിൽ ഇറച്ചി മൊരിച്ചെടുത്ത് കഴിക്കാൻ പാകത്തിന് വെട്ടി മുറിച്ച്, അത്യുച്ചത്തിൽ കൂവിവിളിച്ച് ഉപഭോക്താക്കളെ അതൊന്നു കഴിച്ചുനോക്കാൻ പ്രലോഭിഷിക്കുന്നുണ്ടായിരുന്നു. അവിടെ ഡിസ്പ്ലേയ്ക്കു വച്ച പോർക്കിറച്ചി പാക്കറ്റുകളിൽ ഒരെണ്ണം റിക്ക കൈയിലെടുത്തു. ഒരു ഭക്ഷണസാധനം ഇത്ര അടുത്തു പിടിച്ച് പരിശോധിച്ചിട്ടുതന്നെ എത്ര കാലമായിട്ടുണ്ടാവും? അതിനകത്തെ തണുപ്പും നനവുമുള്ള, കാണാനഴകുള്ള ഇളം പനിനീർപ്പൂനിറമുള്ള മാംസവും തിളങ്ങുന്ന വെള്ളക്കൊഴുപ്പും ഒരല്പം ഇടം കിട്ടാൻ പരസ്പരം ഉന്തിത്തള്ളി.

ഫുതാകോ തമാഗാവ സ്റ്റേഷൻ പിന്നിട്ടതുമുതൽ അവളും റെയ്കോയും പരസ്പരം ഫോൺസന്ദേശങ്ങൾ കൈമാറിക്കൊണ്ടിരിക്കുന്നുണ്ട്. വണ്ടിയിറങ്ങുമ്പോഴേക്ക് സ്റ്റേഷനിൽ സ്വീകരിക്കാൻ വരാമെന്നൊക്കെ റെയ്കോ പറഞ്ഞതാണ്, അപ്പോൾ അതിന്റെയൊന്നും ആവശ്യമില്ലെന്നായി റിക്ക. പകരം, പോരുമ്പോൾ താൻ എന്തെങ്കിലും വാങ്ങിക്കൊണ്ടു വരേണ്ടതുണ്ടോ എന്നു തിരിച്ചങ്ങോട്ടു ചോദിച്ചു. ഇന്ന്, കാലത്ത്, നേരം പുലരാൻ നേരമാണ് അവൾ വീട്ടിൽ എത്തിയത്, ചെന്നപാടേ നേരേ കിടക്കയിലേക്ക് ചാടിവീണ് ഉച്ചവരെ ഒറ്റ ഉറക്കമായിരുന്നു. ഉണർന്ന ഉടനെ കുളിച്ചു ഫ്രഷായി. എഴുതിത്തീർക്കാനുണ്ടായിരുന്ന ഒരു പ്രാഥമിക റിപ്പോർട്ട് പൂർത്തിയാക്കിയ ശേഷം ഒരു റെഗുലർ കോളമിസ്റ്റുമായി കൂടിക്കാഴ്ച നടത്താൻ ഷിബുയയിലേക്ക് പുറപ്പെട്ടു. ആ മീറ്റിങ്ങിനിടയിലെപ്പോഴോ നേരം വൈകിയല്ലോ എന്ന് ഒരു ഞെട്ടലോടെ തിരിച്ചറിഞ്ഞതും തിരക്കു പിടിച്ച് മീറ്റിങ് അവസാനിപ്പിച്ച ശേഷം ഒരുവിധം തീവണ്ടിയിൽ കയറിപ്പറ്റി. ഇതിനിടയിൽ ഷോപ്പിങ്ങിനുള്ള നേരമൊന്നും ഉണ്ടായിരുന്നില്ല. വളരെ വളരെ അടുത്ത കൂട്ടുകാരിയാണെന്നതൊക്കെ ശരിയാണെങ്കിലും ആ അടുപ്പമൊന്നും റെയ്കോ വിവാഹാനന്തരം പുതുതായി താമസമാക്കിയ വീട്ടിൽ വെറും കൈയോടെ കയറിച്ചെല്ലുന്നതിലെ വൈക്ലബ്യം ലഘൂകരിച്ചില്ല. അവളുടെ ചോദ്യത്തിനു തൊട്ടു പിന്നാലെ റെയ്കോ ഒരു കാർട്ടൂൺ മുയൽ സ്റ്റിക്കർ അയച്ചു–കഴിഞ്ഞകൊല്ലം ജോലി വേണ്ടെന്ന് വച്ചതിനു ശേഷം അവളുടെ തമാശ നിറഞ്ഞ കുട്ടിക്കളി മെല്ലെ പുറത്തുചാടാൻ തുടങ്ങിയിരിക്കുന്നപോലെയുണ്ട്! പിന്നാലെ ചോദ്യത്തിനുള്ള മറുപടിയും വന്നു: അങ്ങനെയാണോ, എങ്കിൽ കുറച്ച് ബട്ടർ കൊണ്ടുവരാമോ? വിന്റർ തുടങ്ങിയതുമുതൽ ഷോർട്ടേജ് ആണ്. എന്റെ കൈയിൽ ഒറ്റ ഒരെണ്ണംപോലും കിട്ടിയിട്ടില്ല. ബട്ട്, കിട്ടിയില്ലെങ്കിൽ കുഴപ്പമൊന്നും ഇല്ലാട്ടോ! നീ ഒന്നു വേഗം വന്നാൽ മതി.

■


പഠനം



നിർമ്മിതബുദ്ധിയെ ശരിയായ ദിശയിൽ മനസ്സിലാക്കാനുള്ള ഒരു മാർഗ്ഗദർശി

ബി. ഇക്ബാൽ

നിർമ്മിതബുദ്ധി (Artificial Intelligence-AI) ഇന്ന് ലോകമെമ്പാടും ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെടുന്ന സാങ്കേതികവിദ്യയാണ്. ഈ വിഷയത്തിൽ ദിനംപ്രതി നിരവധി പുസ്തകങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. അവയിൽ ചിലത് AI-യെ മനുഷ്യരാശിയുടെ ഏറ്റവും വലിയ അവസരമായി അവതരിപ്പിക്കുമ്പോൾ, മറ്റു ചിലത് അതിനെ ഏറ്റവും വലിയ ഭീഷണിയായാണ് ചിത്രീകരിക്കുന്നത്. യാഥാർഥ്യം ഈ രണ്ടിനുമിടയിലാണ്. ആവേശത്തിന്റെയോ ഭയത്തിന്റെയോ അതിരുകൾക്കപ്പുറം, നിർമ്മിതബുദ്ധിയെ ശാസ്ത്രീയമായും വിമർശനാത്മകമായും മനുഷ്യകേന്ദ്രിതമായും മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു മലയാള പുസ്തകത്തിന്റെ ആവശ്യമുണ്ടെന്ന തോന്നലാണ് ഈ പുസ്തകം എഴുതാനുള്ള പ്രചോദനം.



ഈ പുസ്തകം കമ്പ്യൂട്ടർ ശാസ്ത്രജ്ഞർക്കുവേണ്ടിയുള്ള ഒരു സാങ്കേതിക പാഠപുസ്തകമല്ല. അതുപോലെ, AI-യെക്കുറിച്ചുള്ള വാർത്തകളുടെ ഒരു സമാഹാരവുമല്ല. അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, ഡോക്ടർമാർ, ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, എഴുത്തുകാർ, സാമൂഹിക പ്രവർത്തകർ, സംരംഭകർ തുടങ്ങി പുതിയ സാങ്കേതികവിദ്യയെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്ന ഏത് സാധാരണ വായനക്കാരനും മനസ്സിലാക്കാൻ കഴിയുന്ന രീതിയിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

അഞ്ച് ഭാഗങ്ങളായാണ് പുസ്തകം ക്രമീകരിച്ചിരിക്കുന്നത്. ആദ്യഭാഗം നിർമ്മിതബുദ്ധിയുടെ അടിസ്ഥാന ആശയങ്ങളെ പരിചയപ്പെടുത്തുന്നു. രണ്ടാം ഭാഗത്തിൽ ഇന്ന് വ്യാപകമായി ഉപയോഗിക്കുന്ന പ്രധാന AI ഉപകരണങ്ങളെ ലളിതമായി വിശദീകരിക്കുന്നു. മൂന്നാം ഭാഗം AI-യുടെ അടുത്ത തലമുറയും വിദ്യാഭ്യാസം,

ആരോഗ്യം, റോബോട്ടിക്സ്, എജന്റിക് AI തുടങ്ങിയ മേഖലകളിലെ മാറ്റങ്ങളും അവതരിപ്പിക്കുന്നു. നാലാം ഭാഗം AI-യുടെ പരിമിതികൾ, ധാർമ്മിക-നിയമപരമായ വെല്ലുവിളികൾ, തൊഴിൽരംഗത്തെ മാറ്റങ്ങൾ, പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന സ്വാധീനം തുടങ്ങിയ നിർണ്ണായക വിഷയങ്ങൾ ചർച്ചചെയ്യുന്നു. അവസാനഭാഗം ലോകത്തെ AI മത്സരം, ഓഷൺ സോഴ്സ് AI, മനുഷ്യന്റെ ഭാവി എന്നിവയെക്കുറിച്ചുള്ള വിശാലമായ കാഴ്ചപ്പാടിലേക്ക് വായനക്കാരനെ നയിക്കുന്നു.

ആദ്യ അധ്യായം മുതൽ അവസാന അധ്യായംവരെ തുടർച്ചയായി വായിച്ചാൽ ആശയങ്ങൾ സ്വാഭാവികമായി വികസിച്ചുവരും. അതേസമയം, ഓരോ അധ്യായവും സ്വതന്ത്രമായി വായിക്കാവുന്ന രീതിയിലാണ് എഴുതിയിരിക്കുന്നത്. ഒരു പ്രത്യേക വിഷയത്തിൽ താത്പര്യമുള്ളവർക്ക് ആ അധ്യായത്തിൽനിന്നുതന്നെ വായന ആരംഭിക്കാനും കഴിയും.

നിർമ്മിതബുദ്ധിയുടെ ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. പുതിയ മോഡലുകളും ഉപകരണങ്ങളും ഗവേഷണഫലങ്ങളും ഏതാനും മാസങ്ങളുടെ ഇടവേളയിൽത്തന്നെ പ്രത്യക്ഷപ്പെടുന്നു. അതിനാൽ എല്ലാ സാങ്കേതികവിവരങ്ങളുടെയും അവസാനവാക്കാണ് ഈ പുസ്തകം എന്ന് അവകാശപ്പെടാനാവില്ല. മറിച്ച്, AI-യെ ശരിയായ ദിശയിൽ മനസ്സിലാക്കാനും തുടർന്നുണ്ടാകുന്ന മാറ്റങ്ങളെ ആത്മവിശ്വാസത്തോടെ പിന്തുടരാനും സഹായിക്കുന്ന ഒരു മാർഗ്ഗദർശിയായാണ് ഇതിനെ കാണേണ്ടത്.

കഴിയുന്നത്ര സാങ്കേതികപദങ്ങൾ ലളിതമായി വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും, ചില ഇംഗ്ലിഷ് പദങ്ങൾ മലയാളത്തിലേക്ക് കൃത്യമായി വിവർത്തനം ചെയ്യുന്നതിനെക്കാൾ അവയുടെ അന്തർദ്ദേശീയ രൂപം ഉപയോഗിക്കുന്നതാണ് കൂടുതൽ വ്യക്തത നൽകുന്നതെന്ന് തോന്നിയതിനാൽ, ആവശ്യമായിടത്ത് മലയാളവും ഇംഗ്ലിഷും ഒരുമിച്ചോ ചിലപ്പോൾ ഇംഗ്ലിഷ് പദം മാത്രമായോ നൽകിയിട്ടുണ്ട്.

ഈ പുസ്തകം എഴുതുമ്പോൾ സ്വീകരിച്ച ഒരു പ്രധാന നിലപാടും ഇവിടെ സൂചിപ്പിക്കട്ടെ. നിർമ്മിതബുദ്ധിയെ അന്ധമായി പുകഴ്ത്തുകയോ അനാവശ്യമായി ഭയപ്പെടുത്തുകയോ ചെയ്യുകയല്ല ലക്ഷ്യം. അതിന്റെ സാധ്യതകളും പരിമിതികളും ഒരുപോലെ മനസ്സിലാക്കി, മനുഷ്യന്റെ അറിവിനും സൃഷ്ടിപരതയ്ക്കും സാമൂഹിക പുരോഗതിക്കും അത് എങ്ങനെ പ്രയോജനപ്പെടുത്താം എന്നതാണ് ഓരോ അധ്യായത്തിന്റെയും അടിസ്ഥാനചിന്ത.

അവസാനമായി ഒരു അഭ്യർത്ഥന. ഈ പുസ്തകം വായിക്കുമ്പോൾ AI-യെക്കുറിച്ച് മുമ്പേ രൂപപ്പെട്ടിട്ടുള്ള മുൻവിധികളോ അതിരുകടന്ന പ്രതീക്ഷകളോ തത്കാലം മാറ്റിവെക്കുക. ഓരോ അധ്യായവും വായിക്കുമ്പോൾ ചോദ്യങ്ങൾ ചോദിക്കുക, പരിശോധിക്കുക, പ്രയോഗിച്ച് നോക്കുക. നിർമ്മിതബുദ്ധിയെ മനസ്സിലാക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം അതുമായി സംവദിക്കുകയും അതിനെ വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുക എന്നതാണ്.

AI-യെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ഈ ഗ്രന്ഥം ഉത്തരമാകണമെന്നില്ല. എന്നാൽ കൂടുതൽ ചോദ്യങ്ങൾ ചോദിക്കാനും കൂടുതൽ വായിക്കാനും കൂടുതൽ പഠിക്കാനും വായനക്കാരെ പ്രചോദിപ്പിക്കുമെന്ന പ്രതീക്ഷയുണ്ട്. കൂടുതൽ പഠനത്തിന് സഹായകരമായ പുസ്തകങ്ങളും മറ്റ് വിവരസ്രോതസ്സുകളും അവസാനഭാഗത്തിൽ നൽകിയിട്ടുണ്ട്. നിർമ്മിതബുദ്ധിയെക്കുറിച്ചുള്ള വായനയ്ക്കും തുടർയാത്രയ്ക്കും ഈ ഗ്രന്ഥം ഒരു വിശ്വസ്ത സഹയാത്രികനാകുമെന്ന പ്രതീക്ഷയോടെ. ■

പച്ചക്കുതിര
ഡി സി ബുക്സ് പ്രസിദ്ധീകരിക്കുന്ന മാസിക

പച്ചക്കുതിര മാസിക
എല്ലാ ഡി സി ബുക്സ് ശാഖകളിലും പ്രമുഖ ന്യൂസ് സ്റ്റാന്റുകളിലും ലഭിക്കും.
35 രൂപയാണ് ഒരു പ്രതിയുടെ വില.

BHIM BHARAT INTERFACE FOR MONEY
Merchant Name : D C BOOKS
vpa id: dcbooks@icici

പണമടച്ച സ്ക്രീൻ ഷോട്ട് വാട്ട്സപ്പ് ചെയ്യൂ, വിളിച്ചറിയിക്കൂ
99461 09101
E-mail: pachakuthira@dcbooks.com
ഡിജിറ്റൽ ഫണ്ട് ട്രാൻസ്ഫർ
DC Books A/C 626705014141
IFSC ICIC0006267
Online subscription:
dcbookstore.com/category/periodicals
01/01/2025 മുതൽ
പച്ചക്കുതിര (ഇന്ത്യക്കകത്ത് തപാൽ വഴി)
വാർഷിക വരിസംഖ്യ 12 ലക്കം : 420 രൂപ
ദ്വൈവാർഷികം 24 ലക്കം : 840 രൂപ

പച്ചക്കുതിര മാസികയുടെ വരിസംഖ്യ ഡിസി ബുക്സ് ഷോപ്പുകളിൽ നേരിട്ടും ഓൺലൈനായും അടയ്ക്കാം.
QR കോഡ് സ്കാൻ ചെയ്യാം. മാസംതോറും തപാൽവഴി ഇന്ത്യയിലെവിടെയും പച്ചക്കുതിര ലഭിക്കും.


Whimsical and Wonder-filled!


MANGO

Make this Children's Day unforgettable with a fresh stack of Mango Books!













Pictorial Biography


A curated collection of biographies for your little ones. Through pictures and captivating narration, it introduces young readers to the lives, achievements and legacies of inspiring and influential personalities.












കുഞ്ഞുകൂട്ടുകാർക്ക് പുസ്തകങ്ങളുടെ വിസ്മയലോകം സമ്മാനിക്കൂ...

ഗോപി ഡയറീസ്
സുധാ മൂർത്തി

ഈ ശിശുദിനത്തിന്
ബോക്സ് സെറ്റ്
സ്പെഷ്യൽ ഓഫർ

~~Rs. 999~~

Rs. 849





ചരിത്രത്തിന്റെ ചോരപ്പാടുകളും മനുഷ്യത്വത്തിന്റെ ആഴങ്ങളും

ഹാൻ കാങ്


വിവർത്തനം: തെൽഹത്ത് കെ.വി.

നൊബേൽ സമ്മാനം നേടിയ ദക്ഷിണ കൊറിയൻ എഴുത്തുകാരി ഹാൻ കാങ്ങിന്റെ ഏറ്റവും പ്രശസ്തമായ കൃതികളിലൊന്നായ 'ഹ്യൂമൻ ആക്ട്സ്'-ന്റെ വിവർത്തനം ഡി സി ബുക്സിനുവേണ്ടി നിർവ്വഹിക്കുമ്പോൾ അതിലെ രാഷ്ട്രീയാന്തരീക്ഷത്തിലൂടെയും സാമൂഹിക മാനവിക സംഘർഷങ്ങളിലൂടെയും ഞാനും കടന്നുപോവുകയായിരുന്നു.




1980-ൽ ദക്ഷിണ കൊറിയയിലെ ഗ്വാങ്ജു നഗരത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ വിദ്യാർത്ഥിപ്രക്ഷോഭവും അതിനെതിരേ ഭരണകൂടം നടത്തിയ കിരാതമായ നരഹത്യയുമാണ് ഈ നോവലിന്റെ പ്രധാന പശ്ചാത്തലം. വെറുമൊരു രാഷ്ട്രീയ ചരിത്രപുസ്തകം എന്നതിലുപരി, അക്രമങ്ങൾ മനുഷ്യനിൽ അവശേഷിപ്പിക്കുന്ന മാനസിക ആഘാതങ്ങളുടെയും അതിജീവനത്തിന്റെയും നേർക്കാഴ്ചയാണ് ഈ നോവൽ. മരണത്തിന്റെ ഭീകരതയും പ്രിയപ്പെട്ടവരുടെ വേർപാടിൽ തകർന്നുപോയ മനുഷ്യരുടെ മാനസികവ്യഥകളും ചരിത്രം മൂടിവെക്കാൻ ശ്രമിച്ച ആ കറുത്ത അധ്യായത്തിന്റെ ശേഷിപ്പുകളും ഇതിൽ ഹൃദയസ്പർശിയായി ചിത്രീകരിച്ചിരിക്കുന്നു. പതിനഞ്ചുകാരനായ ഡോങ്-ഹോ എന്ന ആൺകുട്ടിയുടെ തിരോധാനത്തിലൂടെയും മരണത്തിലൂടെയുമാണ് നോവൽ വികസിക്കുന്നത്. പ്രക്ഷോഭത്തിനിടയിൽ തന്റെ കൂട്ടുകാരൻ വെടിയേറ്റു മരിക്കുമ്പോൾ, ആ

ചാവുനിലം: പ്രസാധനത്തിന്റെ 30 വർഷം



മനുഷ്യാവസ്ഥയോടുള്ള ക്രൈസ്തവ ബോധത്തിലൂന്നിയ പ്രതികരണമാണ് ചാവുനിലത്തിന്റെ ആശയതലം. അതാകട്ടെ ഇളവില്ലാത്ത പാപത്തിന്റെ സഞ്ചാരത്തെ നോവലിന്റെ കേന്ദ്ര സ്ഥാനത്തു പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. പിതാക്കളുടെ പാപം മക്കളെ സന്ദർശിക്കുന്നു എന്ന പ്രമാണം സത്യമാകുന്നത് നാം ചാവുനിലത്തിൽ കാണുന്നു. എഴുത്ത് എന്നാൽ കുറ്റകൃത്യം നടന്ന സ്ഥലത്ത് തുടക്കം മുതൽക്കേ നിൽക്കലാണ്. പി.എഫ്. മാത്യൂസിന്റെ എഴുത്തിൽ ആ ജാഗ്രത എന്നുമുണ്ട്.

-അജയ് പി. മങ്ങാട്ട്





മൃതദേഹം കണ്ടെത്താനും സംരക്ഷിക്കാനും ശ്രമിക്കുന്ന ഡോങ്-ഹോ ഒരു സന്നദ്ധപ്രവർത്തകനായി മാറുന്നു. എന്നാൽ അധികം വൈകാതെ പട്ടാളത്തിന്റെ വെടിയേറ്റ് അവനും കൊല്ലപ്പെടുന്നു. ഡോങ്-ഹോയുടെ മരണം ഈ നോവലിലെ പ്രധാനപ്പെട്ട ഒരു മുറിവാണ്. അത് ആ കുടുംബത്തെയും സമൂഹത്തെയും എക്കാലവും വേട്ടയാടുന്ന ഒന്നായി മാറുന്നു. നോവലിന്റെ ഘടന വളരെ സവിശേഷമാണ്. ഓരോ അധ്യായവും ഗ്വാങ്ജു കൂട്ടക്കൊലയുടെ ഇരകളായ വിവിധ വ്യക്തികളുടെ ശബ്ദത്തിലൂടെയും കാഴ്ചപ്പാടിലൂടെയുമാണ് മുന്നോട്ട് പോകുന്നത്: കൊല്ലപ്പെട്ട ഡോങ്-ഹോയുടെ ആത്മാവ് താൻ അനുഭവിച്ച വേദനകളെക്കുറിച്ചും അനാഥത്വത്തെക്കുറിച്ചും സംസാരിക്കുന്നു. ജയിലിൽ വെച്ച് സൈന്യത്തിന്റെ ക്രൂരമായ പീഡനങ്ങൾക്ക് ഇരയായ ഒരു വിദ്യാർത്ഥി, ആ കാലം തന്റെ ശരീരത്തിലും മനസ്സിലുമുണ്ടാക്കിയ ശാശ്വതമായ മുറിവുകളെ ഓർക്കുന്നു. കൂട്ടക്കൊലയ്ക്കുശേഷം പുറംലോകം അറിയാതിരിക്കാൻ മാധ്യമങ്ങളെ നിയന്ത്രിച്ച സെൻസർഷിപ്പിന്റെ ഇരയായ ഒരു എഡിറ്റർ. ഈ കൊടുംക്രൂരതകൾ കണ്ട് കണ്ണ് നിറഞ്ഞ, പിന്നീട് ജീവിതകാലം മുഴുവൻ ആ ഓർമ്മകളാൽ നീറിക്കഴിഞ്ഞ ഒരു ഫാക്ടറി തൊഴിലാളി. മകന്റെ വേർപാടിന്റെ ഓർമ്മകളിൽ ദിവസങ്ങൾ തള്ളിനീക്കുന്ന ഡോങ്-ഹോയുടെ അമ്മ. ഈ വ്യത്യസ്ത വീക്ഷണങ്ങൾ ചരിത്രത്തിലെ ഒരു ഏടിനെ വെറുമൊരു അക്കമായി കാണാതെ, ഓരോ വ്യക്തിയുടെയും ആത്മാവിലൂടെ അനുഭവവേദ്യമാക്കുന്നു. മനുഷ്യന്റെ ക്രൂരതയുടെ ആഴങ്ങളെയും അടിച്ചമർത്തലുകൾക്കെതിരേ പൊരുതുന്നവരുടെ ധീരതയെയും ഹാൻ കാങ് ഈ കൃതിയിലൂടെ തുറന്നുകാട്ടുന്നു. 'വെജിറ്റേറിയൻ' എന്ന നോവലിലൂടെ അന്താരാഷ്ട്ര ശ്രദ്ധ നേടിയ ഹാൻ കാങ്, 'ഹ്യൂമൻ ആക്ട്സി'ലൂടെ ചരിത്രപരമായ ഉത്തരവാദിത്വങ്ങളും ധാർമ്മിക ചോദ്യങ്ങളും വായനക്കാരുടെ മുന്നിൽ വെക്കുന്നു. ഭരണകൂടത്തിന്റെ അതിക്രമങ്ങൾ, മരിച്ചവരുടെ മൃതനോവുകൾ, അവശേഷിക്കുന്നവരുടെ കുറ്റബോധം, ഓർമ്മകളുടെ രാഷ്ട്രീയം എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള അന്വേഷണവും ചരിത്രത്തിന്റെ ഇരുണ്ട ഏടുകളെ ഓർമ്മിപ്പിക്കുന്നതിനൊപ്പം മനുഷ്യന്റെ കണ്ണീരിനും അതിജീവനത്തിനും ഒപ്പം നിൽക്കുന്ന ഒരു ഉത്തമ സാഹിത്യകൃതിയുമാണ് 'ഹ്യൂമൻ ആക്ട്സ്'.


TIMELESS CLASSICS

An imprint of **DC Books**

Great Literature Should Belong to Everyone!

Shakespeare | Tolstoy | Austen | Dostoevsky | Kafka & 100+ legends

Great literature should never be beyond your reach.
Timeless Classics brings the world's literary treasures to
every bookshelf through beautifully produced, unabridged
editions at accessible prices.





ക്രൂരതയുടെ ഹുംകാരമായി ഓംകാരം പരിണമിക്കുന്നു

കെ. അരവിന്ദാക്ഷൻ

ദ്രവിച്ച ഒറ്റക്കതകുള്ള ചെറിയ ജനലും പുറത്തേക്കുള്ള വാതിലും കൊടിയ വേദനയിലും ചേർത്തടച്ചു. രോമ കൂപങ്ങളിലേക്ക് കുത്തിത്തുളയ്ക്കുന്ന ശീതക്കാറ്റ് ആഴ്ന്നി റങ്ങി. വേദന ഇരട്ടിയായി. കസേരയിൽ ഇരുന്നു. വി യർപ്പും ചെളിയും കട്ടപിടിച്ച പ്ലാസ്റ്റിക് കസേരയുടെ കൈകളിൽ പിടിച്ചു. ശേഷിച്ച പല്ലുകൾ ചേർത്തമർത്തി. ഈശ്വരാ, എന്നെയൊന്നു കൊന്നു തരൂ... വയ്യ... എനിക്ക് വയ്യ...

ആസ്ബസ്റ്റോസിന്റെ മേൽക്കൂര യിലേക്ക് ആകാശം മഴയായി ആഞ്ഞ ടിക്കുകയാണ്. എന്നെ ലക്ഷ്യം വെച്ചു കൊണ്ടുള്ള ആക്രമണം. എവിടെയൊ ക്കെയോ എന്തൊക്കെയോ തകർന്നു വീഴുന്നതിന്റെ ശബ്ദങ്ങൾ. രണ്ടുമാസം മുമ്പ് പഴയൊരു സുഹൃത്ത് സൗജന്യ മായി തന്ന ചെറിയ മൊബൈൽ ഫോൺ മേശപ്പുറത്തെവിടെയോ മറിച്ചുകിടപ്പുണ്ട്.


ആരും ഇപ്പോൾ ഇവിടേക്ക് വരാ റില്ല. ഈ ഒറ്റമുറി, തീച്ചൂളയാണ്. ജനൽ തുറന്നിട്ടാൽ ചുടുകാറ്റ് അകത്തു കടക്കും. മേൽക്കൂരയിലെ ആസ്ബസ്റ്റോസ് ചുട്ടുപഴുത്ത്, താഴേക്ക് തീ വിതറും. പെട്ടെന്നൊരു രാത്രിയിൽ ആസ്ബസ്റ്റോസിനു മുകളിൽ ചരൽക്കല്ലുകൾ വീഴുന്നപോലെ. മയക്കത്തിൽ നിന്നുണർന്നു. ആകെ ഇരുട്ട്. കക്കൂസിൽനിന്നുള്ള ചെറിയ ബൾബിന്റെ പ്ര കാശത്തിലാണ് രാത്രി കഴിയുക. മഴ കനത്തതോടെ വൈദ്യുതി നിലച്ചു. പിറ്റേന്ന് രാവിലെയാണ് ശീതക്കാറ്റിനി ടയിലും പകൽവെളിച്ചത്തിന്റെ നരച്ച രശ്മികളെത്തിയത്. മഴ ശക്തമാവു കയാണ്.



നാല്പത്തിനാല് വർഷത്തെ ജീവി തത്തിൽ ഇങ്ങനെയൊരു മഴ ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല. മമ്മിയോ നാനിയോ നാനയോ പഷയോ പറഞ്ഞ തായി കേട്ടിട്ടില്ല. മഴപോലും പീഡിപി ക്കാൻ തയ്യാറെടുത്തിരിക്കുകയാണ്.

എന്തുകൊണ്ട് എന്നെ മാത്രം ഈശ്വരൻ തിരഞ്ഞുപിടിച്ചു. എന്റെ കൂടെയുണ്ടായിരുന്നവർ അറിയപ്പെ ടുന്ന മന്ത്രിമാരാണ്. നേതാക്കളാണ്.









എന്റെ ധൈര്യവും അച്ചടക്കവും ത്യാഗസന്നദ്ധതയും രണ്ടുതവണ പൊതുവേദിയിൽ അഭിനന്ദിച്ച മനുഷ്യൻ പ്രജാപതിയാണ്. എവിടെയും അദ്ദേഹമാണ് രാജ്യം. ഉണരുന്നതും ഉറങ്ങുന്നതും ശ്വസിക്കുന്നതും വിശ്വസിക്കുന്നതും അദ്ദേഹത്തിനുവേണ്ടിയാണ്. ലോകനേതാക്കളിൽ സമശീർഷൻ. അദ്ദേഹത്തിന് ഈ കൃമികീടത്തെ, ചിറകറ്റ പാറ്റയെ ഓർക്കാൻ സമയം ഉണ്ടാകില്ല. പ്രവർത്തകർക്കിടയിൽ എന്നെ അദ്ദേഹം ഓർമ്മിക്കും എന്ന് സ്വപ്നം കാണാൻപോലും അവകാശമില്ല. എങ്കിലും അദ്ദേഹം ഈ നിലയിൽ എത്താൻ ഞാനും ചിലതെല്ലാം ചെയ്തതല്ലേ? പക്ഷേ, എന്റെ സ്നേഹിതർ... അവർ... ഇല്ല... എല്ലാം കത്തിയൊടുങ്ങുകയാണ്. എന്റെ മരണം അവർ അറിയില്ല, ഇങ്ങനെ ഒരാൾ ജീവിച്ചിരുന്നതായി.

വാർത്തകൾ കേൾക്കാറില്ല. ആരോ തന്ന റേഡിയോ തുറക്കാറില്ല. എനിക്ക് ഒന്നും അറിയണ്ട. ഒന്നിനോടും താത്പര്യമില്ല. ഒന്നിനോടൊഴികെ... അതിന്റെ കാലടിയൊച്ച അടുത്തടുത്ത് വരുന്നത് കാണാനാണ്, ഓരോ നിമിഷവും എണ്ണിത്തീർക്കുന്നത്.

രാത്രികളിൽ, ആ കാലൊച്ച കേൾക്കുന്നതായി തോന്നും; ആസ്ബസ്റ്റോസിന്റെ ദ്രവിച്ച തുളകളിലൂടെ അത് ഇറങ്ങിവരുന്നതായി. ജനലിന്റെ കതക് ചേർത്തടച്ചിട്ടും അടിയിലെ നീളൻ ശൂന്യതയിലൂടെ. ഇല്ല... ഇല്ല...

പ്രതീക്ഷകളെ ഓരോ ദിവസവും തകർക്കുന്നത് ആ അന്ധനായ വൃദ്ധനാണ്. കാലടികൾ അകലെനിന്ന് കേൾക്കുമ്പോൾ കാതോർക്കും അതാ... അതാ... ഇത്തവണ അത് എന്നെത്തേടിത്തന്നെയാണ്. ആസ്ബസ്റ്റോസ് വാതിലിൽ വടി തട്ടുന്ന ശബ്ദം കേൾക്കുന്നതോടെ എല്ലാം തകരും. ശപിക്കും. ഇത് അതല്ല... അയാളാണ്... വൃത്തികെട്ട ആ വൃദ്ധൻ. എന്നും രാവിലെ പത്തു മണിക്ക് അയാൾ വാതിൽപ്പടിയിലുണ്ടാകും. കുറേനേരം വാതിൽക്കൽ നിന്ന് എന്റെ ചലനം ഇല്ലെന്ന് അറിയുന്നതോടെ അയാൾ തിരിച്ചുനടക്കുന്നതിന്റെ പതറിപ്പതറിയുള്ള കാലടി കേൾക്കാം. അകന്നകന്ന് ഇടവഴി കടന്നു റോഡിന്റെ തിരക്കിൽ അത് അപ്രത്യക്ഷമാകുന്നതുവരെ ഞാൻ കസേരയിൽ നിന്നെണീക്കില്ല. എണീക്കാൻ വയ്യ എങ്കിലും.

അയാൾ ആരാണ്? അറിയില്ല. ഞാനിപ്പോൾ ആരെയും കാണാൻ ഇഷ്ടപ്പെടുന്നില്ല. എന്റെ കണ്ണിൽ ഈ ലോകം നീണ്ടുകിടക്കുന്ന മണൽഭൂമിയാണ്. ചുട്ടുപൊള്ളുന്ന മണൽ. ഒരു കുറ്റിച്ചെടിയില്ല. ഒരു പക്ഷിച്ചിറകില്ല. ഒരു നിമിഷം നിഴൽ വീഴ്ത്തി പറക്കുന്നില്ല. രാത്രിയാകുമ്പോൾ മണൽഭൂമി ഇരുട്ടാകും. ഇപ്പോൾ മണൽഭൂമിയും എന്നിൽ നിന്നകന്നു. ഇരുട്ടു മാത്രം. ഉള്ളിലും അകത്തും പുറത്തും.

നാനിയുടെ വിരലിൽ പിടിച്ച് ഹാവേലിയിലെ മന്ദിറിൽ പോയത് ഓർമ്മയിലെത്തി.

നാനി മന്ദിറിന്റെ ശ്രീകോവിലിലെത്തി കണ്ണടച്ച് കുറേനേരം നിന്നു. ഒരു ഭക്തൻ മുമ്പിലുള്ള ചരടിൽ വലിച്ചു മണിയടിച്ചതും കേട്ടില്ല.

നാനി കണ്ണു തുറന്നു. കണ്ണുകൾ നിറഞ്ഞൊഴുകുന്നു. മന്ദിരിൽനിന്ന് പൂജാരി നൽകിയ പഴം നാനി ഒരു കഷണം നുള്ളി പൊട്ടിച്ച് വായിലിട്ടു. ബാക്കി എനിക്ക് നീട്ടി. അന്നേരം കൂനിക്കൂനി, മുഷിഞ്ഞ വസ്ത്രങ്ങളിൽ, വടികുത്തിപ്പിടിച്ച വൃദ്ധ മുമ്പിൽ. അവരുടെ വയസ്സ് എത്രയെന്ന് പറയാനാവില്ല. മുഖത്തെ ആഴത്തിലുള്ള ചുളിവുകളിൽ കാലം കെട്ടിക്കിടക്കുന്നുണ്ട്.

നാനി പറഞ്ഞു: ലല്ല... അങ്ങനെയാണ് എന്നെ വിളിക്കുക. നീയത് ആ നാനിക്ക് കൊടുക്കൂ. എനിക്ക് നീരസമുണ്ടായി. വിശപ്പല്ല. തൊലി പൊളിച്ചപ്പോഴുണ്ടായ വാസന... പഴം തിന്നാനുള്ള കൊതി... ഞാൻ ഒട്ടും സമ്മതമില്ലാതെ, നാനി പറഞ്ഞതനുസരിച്ച് അവർക്കു നീട്ടി. അവർ അത് വാങ്ങി. ■

കേരളചരിത്രം

ചരിത്രപരിപ്രേക്ഷ്യങ്ങളിലൂടെ

ആർ.കെ. ബിജുരാജ്


മനുഷ്യായുസ്സിന്റെ ദൈർഘ്യമാണ് മാനദണ്ഡമെങ്കിൽ ഐക്യകേരളത്തിന് പ്രായമായിരിക്കുന്നു–70 വയസ്. എന്നാൽ, ചരിത്രത്തെ സംബന്ധിച്ച് ഇതൊരു ചെറിയ കാലയളവാണ്.

1956 നവംബർ 1–ന് ഐക്യകേരളം രൂപംകൊണ്ട കാലത്ത് ജീവിച്ചിരുന്നവർ ഇന്ന് കുറഞ്ഞത് മൂന്നു തല മുറകളെങ്കിലും കണ്ടിട്ടുണ്ടാവണം. ഈ കാലത്ത് ഐക്യ കേരളത്തിന് നിരവധി മാറ്റങ്ങൾ സംഭവിച്ചു. ആദർശ ത്തിന്റെയും സാമൂഹ്യപ്രതിബദ്ധതയുടെയും വലിയ പാഠങ്ങളിലായിരുന്നു തുടക്കം. പതിയെ പലതിലും മൂല്യശോഷണം സംഭവിച്ചു. കാലം മാറി, സാങ്കേതിക വിദ്യയും സൗകര്യങ്ങളും കുതിച്ചുകയറിയപ്പോൾ പുതിയ പാഠങ്ങൾ പഠിക്കേണ്ടിവന്നു. പുറംവാസത്തിന്റെ ഒഴു ക്കിലേക്ക് ജെൻസി തലമുറ നീങ്ങുകയും അവർ പലതിനും വഴികാട്ടിയാവുകയും ചെയ്യുന്നതാണ് വർ ത്തമാനകാല കേരളം. വെറുതെ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ ദേശീയ പാതയിലൂടെ സഞ്ചരിക്കൂ. ആറുവരി പാത എങ്ങനെയൊക്കെയാണ് വികസനത്തെ പുതിയതായി നിർവചിക്കുന്നത് എന്ന് കാണാം. അതി വേഗത്തിനടിയിൽ മനുഷ്യരും ജീവിതവും പകുക്കപ്പെ ട്ടു. തിരിച്ചറിയാൻപോലും കഴിയാത്തവിധം നാടുകൾ മാറി. ഈ ആറുവരി പാത നല്ല ഒരു രൂപകവും സൂച കവുമാണ്–മാറുന്ന കേരളത്തിന്റെ.


കഴിഞ്ഞ ഏഴ് പതിറ്റാണ്ടുകളിൽ ഐക്യകേരളം ആർജിച്ച പുരോഗതികളെയും അതേസമയം അഭിമു ഖീകരിച്ച സങ്കീർണ്ണചരിത്രസന്ധികളെയും വിമർശനാ ത്മകമായി വിലയിരുത്തേണ്ടത് ഇപ്പോൾ അനിവാര്യമാ യിരിക്കുന്നു. ചരിത്രപരമായ വളർച്ച വൈവിധ്യമാർന്ന തലങ്ങളിലൂടെയാണ് വികസിച്ചത് എന്നത് തർക്കമില്ല. ഒരുവശത്ത് സാക്ഷരത, പൊതുവിദ്യാഭ്യാസം, ആരോ ഗ്യപരിപാലനം, സാമൂഹിക ക്ഷേമപദ്ധതികൾ എന്നിവ യിലൂടെ ലോകശ്രദ്ധ നേടിയെന്ന് അവകാശപ്പെടുന്ന 'കേരള മാതൃക' കെട്ടിപ്പടുക്കപ്പെട്ടു. മറുവശത്ത് ആ സാമൂഹികവികസനത്തിന്റെ തിളക്കങ്ങൾക്കിടയിലൂടെ ചില പ്രതലങ്ങൾ നിശ്ശബ്ദമാക്കപ്പെടുകയോ വേണ്ടത്ര അഭിസംബോധന ചെയ്യപ്പെടാതെ പോവുകയോ ചെയ്തു. ഇത്തരം വൈരുദ്ധ്യങ്ങളെയും വികസന സൂ ചികകളുടെ ആന്തരിക തനിമകളെയും തുറന്നു കാണി ക്കേണ്ടതുണ്ട്. അതാണ് ഈ വാല്യത്തിന്റെ ലക്ഷ്യം.

ഈ വാല്യം പ്രധാനമായും ഐക്യകേരള രൂപീകര ണത്തിനുശേഷമുള്ള വർഷങ്ങളിലെ സംസ്ഥാനത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ മാറ്റം ചർച്ചചെ യ്യുന്നു. സിനിമ, സാഹിത്യം, വിദ്യാഭ്യാസം, പുറംവാസം, ദലിത് –ആദിവാസി മുന്നേറ്റം, സ്ത്രീമുന്നേറ്റം തുടങ്ങി മലയാളികളുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച ചരിത്രപരിപ്രേക്ഷ്യങ്ങൾ അന്വേഷിക്കുകയാണ് ഈ വാല്യം. പതിനെട്ടു ലേഖകർ എഴുതുന്ന പതിനാല് അധ്യാ യങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ശിലായുഗം മുതലുള്ള കേരളചരിത്രത്തെ അടയാ ളപ്പെടുത്തുന്ന ഒരു ഗ്രന്ഥപരമ്പരയിൽ സമകാലീന കേ രളാവസ്ഥകൾകൂടി ഉൾപ്പെടുത്തേണ്ടതുണ്ട് എന്നതിൽ തർക്കമുണ്ടാവില്ല. ■







ഡിസ്റ്റോപ്പിയയുടെ ഭാഷാഭൂപടം

ഡോ. ഉമർ തറമേൽ

'ഏട്ടിലെ പശു പുല്ലുതിന്നില്ല' എന്ന ചൊല്ല് മാറുകയാണ്. ഏട്ടിൽനിന്നാണ് പശു ആദ്യം പുല്ലു തിന്നുതുടങ്ങുക. പിന്നെയാണ് അവ കണ്ടത്തിലേക്കിറങ്ങുക. ഇന്ത്യയിൽ, പശുക്കൾ ഇപ്പോൾ മനുഷ്യരെത്തന്നെ തിന്നാൻ തുടങ്ങി.

റിഹാൻ റാഷിദിന്റെ 'കാകപുരം' എന്ന നോവൽ വായിച്ചുതീർന്നപ്പോൾ ആദ്യം തോന്നിയ വചനങ്ങളാണിവ. വംശഹത്യ ഒറ്റയായോ കൂട്ടമായോ നടത്തുന്ന ഒരാക്രമണത്തിലൂടെ ഉണ്ടാകുന്നതല്ല. ഡാറ്റയും പാഠവും ഭൂപടവുമുണ്ടാക്കി സാവകാശം ഡിസൈൻ ചെയ്യുന്നതാണ്. ആനന്ദ് 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലിൽ ഉപയോഗിച്ച ഒരു മെറ്റഫർ ഓർമ്മവരുന്നു. 'പരവതാനികളിൽ രൂപങ്ങൾ വരച്ചുതുടങ്ങുന്ന ചായങ്ങൾ പുലിയായോ കടുവയായോ മാറുമെന്ന് ആദ്യം നാമറിയില്ല.' ഇന്നത്തെ അവസ്ഥയിൽ, രൂപം പുലിയാണോ നരിയാണോ എന്നറിയാൻ നാം സ്വല്പംപോലും കാത്തിരിക്കേണ്ടതില്ല എന്നതാണ് വാസ്തവം.

ഗൗതമനും അഹല്യയും പലപ്പോഴായി കുറിച്ചിട്ട ഈ കൃതിയിലെ ആഖ്യാനങ്ങൾ മാപ്പ്ചെയ്ത ഒരു യഥാർത്ഥ ഭൂപടത്തിനു മീതെ അതിവിദഗ്ദ്ധമായി ഓവർ ഇമ്പോസ് ചെയ്തുവച്ച ഒന്നാണ്. ഗൗതമന്റെ പുതിയ നോവൽ കൈയെഴുത്തുപ്രതി അപഹരിക്കപ്പെട്ടതോടെ ചരിത്രപരമായ ഒരു ശൂന്യത ബാക്കിയാവുന്നു. ദത്തങ്ങൾ മായുന്നിടത്ത് ഇല്ലാതാവുന്നത് ഒരു കൂട്ടം മനുഷ്യരുടെ മാത്രമല്ല അവർ പെരുമാറിയിരുന്ന സ്ഥലത്തിന്റെയും അവിടുത്തെ ജനസംസ്കാരത്തിന്റെയും പൊരുളാണ്.



മനുഷ്യജിജ്ഞാസയുടെ കുതിപ്പുകൾ

ടി. അനീഷ്

'ശാസ്ത്രവും സാഹിത്യവും രണ്ട് വ്യത്യസ്ത കാര്യങ്ങളല്ല, മറിച്ച് ഒരേ കാര്യത്തിന്റെ രണ്ട് വശങ്ങളാണ്' എന്ന് വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ രണ്ടു വേറിട്ട വിഷയങ്ങളുടെ പാരസ്പര്യത്തെ നിർവചിച്ചത് ബ്രിട്ടീഷ് ജീവശാസ്ത്ര-നരവംശശാസ്ത്രജ്ഞനായ തോമസ് ഹെൻറി ഹക്സ്ലിയാണ്. ശാസ്ത്രീയത മമതാരഹിതവും സാഹിതീയത വികാരപൂർണ്ണവുമായ വ്യത്യസ്ത പ്രക്രിയകളാണെങ്കിലും ഇവ തമ്മിലുള്ള കൊള്ളക്കൊടുക്കലുകൾക്ക് ലോകസാഹിത്യത്തിൽ തന്നെ നിരവധി ഉദാഹരണങ്ങളുണ്ട്. ശാസ്ത്രസാഹിത്യം എന്ന ഒരു വകഭേദം തന്നെ നിലവിലുണ്ട്. രണ്ടു വിഷയങ്ങളിലും ഒരുപോലെ നിഷ്ണാതരായ ഒട്ടനവധി എഴുത്തുകാരെ നമുക്ക് കാണാനും സാധിക്കും. എച്ച്.ജി വെൽസ് തൊട്ടുകാൾ സാഗൻ വരെ എത്രയെത്ര പ്രതിഭാധനന്മാർ! മലയാളത്തിലാകട്ടെ, സി രാധാകൃഷ്ണൻ, എം.പി. പരമേശ്വരൻ എന്നിങ്ങനെ പലർ. ഈ ശ്രേണിയിൽ സാഹിത്യത്തിലും ശാസ്ത്രത്തിലും കഴിവ് തെളിയിച്ച എഴുത്തുകാരനാണ് ഉണ്ണികൃഷ്ണൻ കളീക്കൽ.

WTPLive ഓൺലൈൻ പ്രസിദ്ധീകരണത്തിന്റെ ചുമതലക്കാരനായിരുന്ന കാലത്ത് ഒരു ശാസ്ത്രപംക്തി തുടങ്ങുന്നതിനെക്കുറിച്ചുള്ള ആലോചനയ്ക്കിടയിലാണ് ഉണ്ണികൃഷ്ണൻ കളീക്കലിന്റെ ചില ഫേസ്ബുക്ക് പോസ്റ്റുകൾ ശ്രദ്ധിക്കുന്നത്. ശാസ്ത്രാധ്യാപകൻ കൂടിയായ അദ്ദേഹത്തിന്റെ സാഹിത്യാഭിമുഖ്യവും എഴുത്തും നേരത്തേതന്നെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു.



വായനയുടെ വേരുകൾ

ഡോ. ശ്രീകല മുല്ലശ്ശേരി

മലയാളസാഹിത്യത്തിൽ 'മൈക്രോ ഫിക്ഷൻ' അഥവാ 'മിന്നൽക്കഥ' എന്ന സാഹിത്യരൂപത്തെ ജനകീയമാക്കുകയും വായനക്കാരുടെ മനസ്സിൽ ശക്തമായി സ്ഥാപിക്കുകയും ചെയ്ത എഴുത്തുകാരനെന്ന നിലയിൽ പി.കെ. പാറക്കടവ് മലയാള ചെറുകഥാപ്രസ്ഥാനത്തിൽ തന്റേതായ ഇടം നേടിയെടുത്ത എഴുത്തുകാരനാണ്. വളരെ ചുരുക്കം വാക്കുകൾകൊണ്ട് ജീവിതത്തിന്റെ സങ്കീർണ്ണതകളും മനുഷ്യാവസ്ഥയുടെ നിസ്സഹായതകളും സാമൂഹിക യാഥാർത്ഥ്യങ്ങളുമെല്ലാം ആവിഷ്കരിക്കാനാകുന്ന ഈ രൂപത്തിന് മലയാളത്തിൽ സ്വതന്ത്രമായ ഒരു സാന്നിധ്യം നൽകാൻ അദ്ദേഹത്തിന്റെ കഥകൾക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ, മലയാളസാഹിത്യത്തിൽ മൈക്രോ ഫിക്ഷൻ അഥവാ മിന്നൽക്കഥയെ ജനകീയമാക്കിയ എഴുത്തുകാരൻ പി.കെ. പാറക്കടവ് ആണെന്ന് ഉറപ്പിച്ചു പറയാം. ചെറിയ വാക്കുകളിൽ ഒരു ജീവിതാവസ്ഥ, സാമൂഹിക വിരോധാഭാസം, മാനസികസംഘർഷം, രാഷ്ട്രീയ സൂചന, അല്ലെങ്കിൽ മനുഷ്യാവസ്ഥയുടെ തീവ്രമായ ഒരു നിമിഷം പകർത്താനുള്ള അദ്ദേഹത്തിന്റെ കഴിവാണ് മിന്നൽക്കഥകൾക്ക് വായനക്കാരുടെ മനസ്സിൽ സവിശേഷമായ ഇടം നേടി കൊടുക്കുന്നത്. പാറക്കടവിന്റെ മിന്നൽക്കഥകൾ പരമ്പരാഗത ചെറുകഥയുടെ ചുരുക്കരൂപമല്ല, മറിച്ച് സങ്കുചിതത്വം, സൂചന, നിശ്ശബ്ദത, വിസ്മയം, വിമർശനബോധം എന്നിവ ചേർന്ന് രൂപംകൊള്ളുന്ന ഒരു പ്രത്യേക കഥാഭാഷയാണ്.

പച്ചക്കുതിര മാസിക
ഡി സി ബുക്സ് ഷോപ്പുകളിൽ ലഭിക്കും.



ഫോൺ: **99 46 10 91 01**

ഇന്ത്യയിലെവിടെയും തപാൽവഴി ലഭിക്കും.
വരിസംഖ്യാ വിവരങ്ങൾ അറിയാൻ 26-ാം പേജ് നോക്കുക

CURRENT BOOKS BULLETIN
Book 50 Issue 4
Published on 05 November 2026 (Monthly)

'REGISTERED' RNI. No. 36074/81 Reg. No. KL/KTM/14/2024-26
Price- ₹3



രവി ഡി സി, ഡി സി പ്രസ്സിൽ അച്ചടിച്ച് കോട്ടയത്തുനിന്ന് പ്രസിദ്ധപ്പെടുത്തുന്നത്. പത്രാധിപർ: രവി ഡി സി
0481 256 3114, 230 1614

05112026 / 7,500